KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 3350

Author കോരുത്. പി. സി

Title ചിത്രവേദി

1588

No. 3350

# ചിത്രവേദി.

## തൂലികാ ചിത്രങ്ങൾ.

ഗ്രന്ഥകർത്താ:
പി. സി. കോരുത്

പ്രസാധകന്മാർ:
കേരള പബ്ലിഷിംഗ് കമ്പനി,
പുളിക്കീഴ്-തിരുവല്ലാ.

1120

വില രൂ. 1

THE KOTTAYAM PUBLIC LIBRARY KOTTAYAM. TRAVANCORE
NATIONAL BOOK STALL KOTTAYAM. KALARIKAL BAZAAR

M08
K07-C

ഒന്നാംപതിപ്പ്.

Printed at
THE BHAGIODAYAM PRESS,
Pulikeezh, Tiruvalla.

No: 33570

# പ്രസ്താവന.

കേരളത്തിന പൊതുവെയും, ക്രൈസ്തവ സമുദായത്തിന—മലങ്കര സുറിയാനി സമുദായത്തിന—പ്രത്യേകിച്ചും നികത്തിയാൽ നികരാത്ത നഷ്ടമാണ് മെ: ഇ. ജെ. ജോൺ, എം. ഏ. ചാക്കൊ, റാവു സാഹിബ് ഒ. എം. ചെറിയാൻ, ഏ. എം. വർക്കി, കെ. കെ. ലൂക്കോസ് എന്നീ മഹാരഥന്മാരുടെ ദേഹവിയോഗം മൂലമുണ്ടായിട്ടുള്ളത്. ഏതു വിധത്തിൽ പരിഗണിച്ചാലും, ഏതൊരു വീക്ഷണകോണത്തിൽ കൂടെ നോക്കിയാലും, ഏതൊരു മാനദണ്ഡം അടിസ്ഥാനമാക്കി കണക്കാക്കിയാലും, എവിടെയും മുന്നണിയിൽ നില്ക്കുവാൻ സർവ്വഥാ അർഹരായിരുന്ന ഈ നേതാക്കന്മാരുടെ സ്മരണയെ നിലനിറുത്തുന്നതിനുള്ള ഉപാധികളിൽ നിസ്സാരമായ ഒന്നായിട്ടുമാത്രം ഈ പ്രസിദ്ധീകരണത്തെ കരുതിയാൽ മതിയാകും. ഈ ഗ്രന്ഥത്തിന വിഷയമായവരിൽ, മെ: ഇ. ജെ. ജോൺ, എം. ഏ. ചാക്കൊ എന്നിവരുമായി എനിക്ക് നാമമാത്രമായ പരിചയമേ ഉണ്ടായിരുന്നുള്ളു. മററുള്ളവരുമായി ഏററവും അടുത്തു പെരുമാറുന്നതിനും ആശയ വിനിമയം ചെയ്യുന്നതിനും ഭാഗ്യമുണ്ടായിട്ടുണ്ട്. തന്നിമിത്തം അവരെ സംബന്ധിച്ചുള്ള വിവരണങ്ങളിൽ—പ്രത്യേകിച്ചും മി: ചെറിയാനെയും മി: ലൂക്കോസിനെയും കുറിച്ചുള്ള ഭാഗങ്ങളിൽ—സ്വന്ത അനുഭവത്തിൽ നിന്ന ചില വസ്തുതകൾ പ്രസ്താവിക്കുവാ

നിടയായിട്ടുണ്ട്. അവ സ്വാത്മകഥനമായി ആരും കരുതരുതെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു. ഇതിലെ ഓരോ നായകന്മാരും, ഓരോ ഗ്രന്ഥത്തിനു വിഷയമാകേണ്ടവരാണ്. അതിലേക്കു ശ്രമിക്കുന്നവക്ക് ഈ ഗ്രന്ഥം അല്പമായിട്ടെങ്കിലും പ്രയോജകീഭവിച്ചാൽ എനിക്കു ചാരിതാൎത്ഥ്യത്തിനു വകയുണ്ട്. ഈ മഹാപുരുഷന്മാരുടെ നിൎയ്യാണത്തിലുള്ള അനുശോചനം പ്രകടിപ്പിക്കുവാൻ നാട്ടിൻെറ നാനാഭാഗങ്ങളിലും പൊതുയോഗങ്ങൾ നടന്നിട്ടുണ്ട്; മിക്ക വൎത്തമാനപ്പത്രങ്ങളും അവരുടെ അപദാനങ്ങളെ പ്രകീൎത്തിച്ചു മുഖപ്രസംഗങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്—അവയെല്ലാം ഈ ചെറുഗ്രന്ഥത്തിൽ അനുസ്മരിക്കുകയോ, ഉദ്ധരിക്കുകയോ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ട്. ഈ പുസ്തകം എഴുതിയിട്ടുള്ളതു് സ്മൎയ്യപുരുഷന്മാരുടെ ജീവചരിത്രമായിരിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയല്ലതാനും. ഈ ഗ്രന്ഥരചനയിൽ ആവശ്യമായ വിവരങ്ങൾ തന്ന് സഹായിച്ച സുഹൃത്തുക്കളോടെല്ലാം ഞാൻ അതിമാത്ര കൃതജ്ഞനാണ്. ഇതിൽ ഏതെങ്കിലും ഭാഗങ്ങളിൽ എന്തെങ്കിലും കൂട്ടിച്ചേൎക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതായി ഉണ്ടെന്നു മാന്യ വായനക്കാരിൽ ആരെങ്കിലും സദയം അറിയിച്ചാൽ അടുത്ത പതിപ്പിൽ അവരുടെ നിൎദ്ദേശങ്ങൾ ഉപയോഗപ്പെടുത്തിക്കൊള്ളാം.

| | |
|---|---|
| പൗരധ്വനി ആഫീസ്, | പി. സി. കോരുതു്. |
| 1120 മേടം 10. | (ഗ്രന്ഥകൎത്താ) |

## തൂലികാചിത്രങ്ങൾ.

1. രാജശ്രീ, ഇ. ജെ. ജോൺ,
ബി. ഏ. ബി. എൽ.

2. ,, എം. ഏ. ചാക്കോ,
ബി. ഏ.

3. ,, റാവുസാഹിബ് ഒ. എം. ചെറിയാൻ
ബി. ഏ. എൽ. ററി.

4. ,, ഏ. എം. വർക്കി,
എം. ഏ. ബി. എൽ.

5. ,, കെ. കെ. ലൂക്കോസ്,
ബി. ഏ. ബി. എൽ.

(ഈ ക്രമമനുസരിച്ചാണ് കവർ പേജിൽ ചിത്രങ്ങൾ ചേർത്തിരിക്കുന്നതു്.)

# ചിത്രവേദി.

## രാജശ്രീ. ഈ. ജെ. ജോൺ.

സൽപുത്ര സമ്പത്തുകൊണ്ട് അഭിമാനഭരിതനായ ഹൃദയസമ്പന്നൻ. സ്വയാർജ്ജിതധനവ്യാപ്തികണ്ട് അഹങ്കാരലേശമുദിക്കാതിരുന്ന കർമ്മകുശലൻ. അന്യൂനമായ മേധാശക്തികൊണ്ട് സകലരുടെയും സ്നേഹബഹുമാനങ്ങളെ കവർന്ന അപ്രതിമപ്രഭാവൻ. അലംഭാവലേശംകൂടാത്ത അഭിവന്ദ്യ സമുദായനേതാവ്. തീക്ഷ്ണചിന്താനിഷ്ണാതനായ നിയമകാര്യവിശാരദൻ. ശമധനനായ സംസ്കൃതമതി-മതി, ഈ ചുരുങ്ങിയ വാക്കുകൾ മതി. മങ്കൊട്ടയിലെ മഹർഷിയെന്നു പ്രഖ്യാതനായ ഇലഞ്ഞിക്കൽ ജോൺ വക്കീൽ അവർകളുടെ ഒരു ചരിത്രചിത്രം പണിക്കുറ തീർക്കുവാൻ.

മലങ്കര സുറിയാനി സഭാചരിത്രത്തിൽ—പൊതുവെ, കേരളീയക്രൈസ്തവസഭകളുടെ വികാരോത്തേജകമായ ചരിത്രത്തിൽ—തെളിഞ്ഞുനില്ക്കുന്ന മൂന്നക്ഷരങ്ങൾ ഉണ്ട്: നിരണം. അതിനൊരു പുരാതനത്വമുണ്ട്: സഭാപരമായും സാഹിത്യപരമായും ചരിത്രപരമായും ഉള്ള ചരിത്രപാരമ്പര്യം. ഇൻഡ്യയുടെ പ്രേഷിതവര്യനെന്നു സർവസമ്മതിനേടിയ പുണ്യശ്ലോകനായ മാർത്തോമ്മാശ്ലീഹാ മലയാളത്തു വന്നു സ്ഥാപിച്ച ഏഴുപള്ളികളിൽ ഒന്നു നിരണത്താണ്.

മലയാളസാഹിത്യം നിലനില്ക്കുന്നിടത്തോളംകാലം അ വിസ്മരണീയരായ രണ്ടു കർമ്മയോഗികളുണ്ടല്ലോ—ക ണ്ണശപ്പണിക്കർമാർ എന്നു ഭാഷാലോകം കീർത്തിക്കു ന്ന രാമപ്പണിക്കരും മാധവപ്പണിക്കരും. രാമായണ വും ഗീതയും കൊണ്ടു് കൈരളിക്കു കമനീയങ്ങളായ ക നകകണ്ഠാഭരണങ്ങൾ നിർമ്മിച്ച ആ മഹാകവികളു ടെ ജന്മഭൂമിയും നിരണം തന്നെ. സന്ദേശകാവ്യങ്ങളു ടെ മഹാറാണിപദം അലങ്കരിക്കുന്ന ഉണ്ണുനീലിസന്ദേ ശം എന്ന ചൈതന്യസംഭരിതമായ കവിതാസരി ത്തിൽ, നിരണം പ്രദേശത്തെസംബന്ധിച്ചുള്ള മധുര സ്മരണകൾ അലിഞ്ഞു ചേർന്നിരിക്കുന്നു. ഉവ്വ്—അ ങ്ങനെ; അങ്ങനെ; ബഹുവിധേന സുപ്രസിദ്ധിപെററ ആ ഗ്രാമമാണു് നമ്മുടെ കഥാപുരുഷൻെറ ജന്മസ്ഥലം.

ഉരുണ്ട തല. അതിൽ പഞ്ഞി പുതച്ചതുപോ ലെ പരന്നനര. ഉന്മേഷവും പ്രസരിപ്പുംകൊണ്ടു ക്ഷീ ണത്തെ അകററി നിറുത്തിയ വാൎദ്ധക്യം. ഈ ഗ്രന്ഥ കാരൻെറ ഓർമ്മയെത്തുന്നിടത്തോളം പിൻപോട്ടു നോക്കുമ്പോൾ ഈ മനോഹരരൂപമാണു് സ്മൃത്യപുരു ഷനെപ്പററി ഉള്ളിൽ ഉദിക്കുന്നതു്. ഒരുകാലത്തു നി യമവിദ്യാർത്ഥികളെ—പില്ക്കാലത്തു് ഉന്നതന്യായാ സനങ്ങളെ സമുചിതമായി അലങ്കരിച്ചിട്ടുള്ള പല പ്രാ ഢപാഠകന്മാരെയും—വരച്ചവരയിൽ നിറുത്തിയിട്ടു ള്ള ആ ഗംഭീരനായ ആജ്ഞാപ്രതാപൻ, വാൎദ്ധക്യ കാലത്തു് ഒരു പെണ്ണാടുപോലെ പ്രൗഢശാന്തനായി ത്തീർന്നിരുന്നു. പൗരസമത്വപ്രക്ഷോഭണത്തിനു ബീ ജാവാപംചെയ്തവരിൽ പ്രമുഖനായിരുന്ന ആ സമുദാ യോത്തേജകൻ—ഇന്നേക്കു ഏതാണ്ടു് പത്തു വർഷം

മുൻപ് തിരുവിതാംകൂറിൻെറ ഒരററം മുതൽ മറേറ അററംവരെ ഉളവാക്കിയ നിവത്തനപ്രക്ഷോഭണത്തിൻെറ അണിയറയിൽ അടങ്ങിയിരുന്ന് ഉത്തേജനവും ഉശിരും നൽകിയ ശക്തികേന്ദ്രം—എരിഞ്ഞടങ്ങിയ അഗ്നിപർവ്വതംപോലെ തണുത്തുറഞ്ഞുപോയ കാഴ്ച ചിന്താശക്തന്മാരെ കുഴക്കിയിരുന്നു.

അപ്രതിമനായ ആ ആകമാനക്രൈസ്തവ നേതാവ്, താൻ ഉൾപ്പെട്ടുനിന്ന സഭയുടെ സ്വാതന്ത്ര്യത്തിനും സമുല്ലഷത്തിനും പുരോഗതിക്കുംവേണ്ടി, നിസ്വാത്ഥനായി, കമ്മോന്മുഖനായി, വിശ്രമരഹിതനായി പ്രവത്തിച്ചിരുന്നു. വട്ടിപ്പണക്കേസ് എന്നു പേരിൽ പ്രസിദ്ധിയോ കുപ്രസിദ്ധിയോ സമാർജ്ജിച്ചിട്ടുള്ള മലങ്കര സുറിയാനിസമുദായക്കേസിൻെറ പ്രാരംഭഘട്ടങ്ങളിൽ— വിഘ്നങ്ങളെ തൃണവൽഗണിക്കുന്നതിനും പ്രതിബന്ധങ്ങളെ സുധീരം പ്രതിരോധിക്കുന്നതിനും കച്ചകെട്ടിയിറങ്ങിയ പ്രതിഭാസമ്പന്നനും, സ്വാധീനശക്തനും സമുദായാഭിമാന ഭാജനവുമായ സി. ജെ. കുര്യൻ എന്ന തീക്ഷ്ണകിരണൻെറ ശക്തിക്കതിർമാലകൾ അതിൻെറ സർവപ്രഭാവങ്ങളോടും പ്രസരിച്ചിരുന്ന ആ കാലയളവിൽ—മലങ്കര സഭാഭാസ്വരനെന്നു പേരു പിടിച്ച സിംഹപരാക്രമിയായിരുന്ന മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പതച്ചുയരുന്ന അഭിമാനസംരക്ഷണതല്പരത അതിൻെറ പരമകോടിയിൽ എത്തിയിരുന്ന സന്ദർഭത്തിൽ—ഇൗ. ജെ. ജോൺവക്കീൽ, പണ്ഡിത മോത്തിലാൽജിയുടെ ഒരു കേരളപ്പകപ്പായി, തിരുവിതാംകൂറിലെ പരമന്യായാസനത്തിൻെറ മുൻപിൽ

വീരം വിരുത്തും തന്റേടവും ആത്മവിശ്വാസവും പ്രകടമാക്കിക്കൊണ്ട്, നടത്തിയിട്ടുള്ള വാദങ്ങളും, പ്രതിവാദങ്ങളും, ഇന്നും സഭാന്തരീക്ഷത്തിൽ അലക്കൊള്ളുന്നുണ്ടായിരിക്കണം.

ആരായിരുന്നു ഈ. ജെ. ജോൺ? ഒരു ചെറിയ ചോദ്യമല്ല ഇതു്! ഈ ചോദ്യത്തിന്റെ ഉത്തരം ഇതുപോലെ ഒരു ലഘുഗ്രന്ഥത്തിൽ അടക്കിയും ഒതുക്കിയും നിറുത്താവുന്നതല്ല. അദ്ദേഹം ഒരു കർഷകനായിരുന്നുവോ? ഉവ്വ്. ഒരു നലംതികഞ്ഞ കർഷകൻ. മൺകോട്ടയിലെ കർഷകമഹർഷി. അവിടത്തെ "കല്പവൃക്ഷ"ങ്ങളും, പൊൻകതിർ ചൂടുന്ന നെൽചെടികളും, പക്വഫലസമൃദ്ധമായ മാന്തോപ്പുകളും അദ്ദേഹം ഒരു കർഷകപ്രഭുവായിരുന്നുവെന്നുള്ളതിനു മതിയായ തെളിവുകളാണ്.

അദ്ദേഹം ഒരു വക്കീലായിരുന്നുവോ?—ആയിരുന്നുവോ എന്ന്! ആ വിഷയത്തിൽ ഈ. ജെ. ജോൺ ഒരു വ്യക്തിയായിരുന്നില്ല. ഒരു മഹത്തായ സ്ഥാപനംതന്നെയായിരുന്നു. ഒരു കോടതിയിൽ കൂടുന്നിടത്തോളം കക്ഷികളെക്കൊണ്ട് ആ നിയമകോവിദന്റെ ആഫീസ് നിബിഡമാകാത്ത ദിവസങ്ങൾ ചുരുക്കമായിരുന്നു. ഹൈക്കോടതിയിലെ എല്ലാ ജഡ്ജിമാൎക്കും കൂടി കിട്ടുന്ന ശമ്പളം ഒരുമിച്ചുകൂട്ടിയാൽ, അദ്ദേഹത്തിന്റെ പ്രതിമാസാദായത്തിന്റെ പകുതിപോലുമാകുമായിരുന്നില്ല. അങ്ങനെയൊരു സൎവ്വസമ്മതനായ—കോടതിയുടെ ഹൃദയപൂൎവ്വമായ ബഹുമാനത്തിനു പാത്രീഭൂതനായ— ഒരു അഭിഭാഷകപ്രവരനായിരുന്നു ജോൺവക്കീൽ. പണക്കൊതിയന്മാരായ ചില വ

ക്കീലന്മാരെപ്പോലെ അദ്ദേഹം ഫീസിന്നു കക്ഷികളെ അലട്ടുകയല്ലായിരുന്നു പതിവു്. പ്രസ്തുത ഫീസ് വാങ്ങിക്കുന്നതിനുവേണ്ടി കുബേരോപമന്മാരായ കക്ഷികൾ അദ്ദേഹത്തെ അലട്ടുകയായിരുന്നു ചെയ്തിരുന്നതു്. നിയമബിരുദംനേടിയ പല വക്കീലന്മാരെയും പിൻതള്ളുന്ന നിയമകാൎയ്യപടുവായ ഒരു ഗുമസ്തൻ അദ്ദേഹത്തിനുണ്ടായിരുന്നു. ഉതുപ്പച്ചൻ. അടുത്ത ബന്ധു. ജോൺവക്കീലാകുന്ന കലവറയുടെ കലവറക്കാരനായിരുന്നു ഈ ഉതുപ്പച്ചൻ. എന്നും സായാഹ്നത്തിൽ ഇരുമ്പുപെട്ടിയുടെ താക്കോല്യമായി പ്രത്യക്ഷപ്പെടുന്ന മിസ്സസ് ജോണിൻെറ കൈകൾ താണുപോകുമാറു്, നാണയഭാരമേല്പിക്കുന്നതു് ഈ വിശ്വസ്തനായ ഗുമസ്തനായിരുന്നു. മി: ജോൺ തൻെറ തൊഴിലിൽ നേടിയ നേട്ടം, തിരുവിതാംകൂറിലെ അഭിഭാഷക ചരിത്രത്തിൽ അഭിമാനപൂൎവ്വം ചൂണ്ടിക്കാണിക്കാൻ അർഹമായ ഒന്നത്രേ. ജാതി-സമുദായപരിധിയിൽ കുടുങ്ങത്തക്കവണ്ണം സങ്കുചിതമായിരുന്നില്ല അദ്ദേഹത്തിൻെറ കക്ഷിസമ്പത്തു്. അദ്ദേഹം ഒരിക്കലും ഒരു ഉദ്യോഗാൎത്ഥിയായിരുന്നിട്ടില്ല. അതിൻെറ ആവശ്യമില്ലായ്മ കരതലാമലകം പോലെ പ്രത്യക്ഷമാണല്ലോ.

അഭിഭാഷകനായി ജീവിതവൃത്തി ആരംഭിക്കുന്നതിനു മുൻപു് മി: ജോൺ കുറെക്കാലം മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ട്യൂട്ടറായി ജോലി നോക്കിയിരുന്നു. ഒരു വക്കീലെന്ന നിലയിൽ അദ്ദേഹത്തിനു ശോഭിക്കുവാൻ ആദ്യഘട്ടങ്ങളിൽ കഴിഞ്ഞിരുന്നില്ല. കേസുകൾ കിട്ടാതെ കഴങ്ങുന്ന പ്രാരംഭഘട്ടത്തിൽ യാദൃച്ഛികമായ ഒരു വിജയരശ്മി അദ്ദേഹത്തിൽ സൗവൎണ്ണപ്ര

ദപരത്തി. നല്ലൊരു വക്കീലായിരുന്ന മി: പി. ചെറിയാനെ (പുളിമൂട്ടിൽ) മുൻസിപ്പായി നിയമിച്ചപ്പോ ഠം (മി: ചെറിയാൻ പിന്നീടു ഹൈക്കോടതി ജഡ്ജിയായി പെൻഷൻ പററിപ്പിരിഞ്ഞു) അദ്ദേഹത്തിന്റെ കേസുകഠം എല്ലാം മി: ജോണിനെയാണ് ഏല്പിച്ചതു് അതോടുകൂടി കേസുകളും ആദായവും വദ്ധിക്കുവാൻ തുടങ്ങി.

ഇ൭. ജെ. ജോൺ ഒരു സമുദായ നേതാവായിരുന്നുവോ? ഉവ്വ്. അഭിവന്ദ്യനേതാവായിരുന്നു അദ്ദേഹം. രാഷ്ട്രീയമായ അദ്ദേഹത്തിൻെറ അഭിപ്രായങ്ങഠം എപ്പോഴും പരിമിതവും, ശാന്തവും ആയിരുന്നു. തീപ്പൊരിപ്രസംഗങ്ങഠം അദ്ദേഹം ചെയ്തിട്ടില്ല. ചെയ്യുവാൻ അറിയാമായിരുന്നുമില്ല. എന്നാൽ മഹാസദസ്സുകളെ ഇളക്കുവാനും ഹർഷോന്മേഷ പുളകിതമാക്കുവാനും ഉള്ള വാഗ്വൈഖരി അദ്ദേഹത്തിനുണ്ടായിരുന്നു. മഞ്ഞുപോലെ തണുത്ത ഹൃദയങ്ങളെ ചൂടുപിടിപ്പിക്കുവാൻ തക്ക ആശയാവിഷ്ക്കരണം അദ്ദേഹത്തിനു സാദ്ധ്യമായിരുന്നു. പൗരസമത്വവാദപ്രക്ഷോഭണവേളയിലും, അഖിലതിരുവിതാംകൂർ-കൊച്ചി ക്രൈസ്തവ മഹാജന സഭാപ്രസ്ഥാന കാലത്തും മി: ജോണിൻെറ വ്യക്തിവിലാസം പ്രകടമായിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി ക്രൈസ്തവ മഹാജന സഭയുടെ പ്രഥമ സമ്മേളനം 1085 മേടം 21-ാംനു- ചൊവ്വാഴ്ച കോട്ടയം തിരുനക്കര മൈതാനത്തു വച്ചു നടന്നു. പ്രസ്തുത യോഗത്തിൽ മി: ഇ൭. ജെ. ജോണിനെ ഐകകണ്ഠ്യേന അദ്ധ്യക്ഷനായി വരിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം:-"തിരുവിതാംകൂർ-

കൊച്ചി ഈ സംസ്ഥാനങ്ങളിലെ ക്രിസ്തീയ സമുദായം ഒരു ചില്ലറ സമുദായമല്ല. ഈ രാജ്യങ്ങളിൽ ആകപ്പാടെയുള്ള ജനസംഖ്യയിൽ സുമാർ നാലിലൊന്നു ക്രിസ്ത്യാനികളാണ്. ധനസ്ഥിതി നോക്കിയാലും ആ സമുദായം ഒരു പ്രധാനസ്ഥാനം അർഹിക്കുന്നുണ്ട്. വിദ്യാഭ്യാസവിഷയത്തിൽ മറെറല്ലാവരെക്കാളും മുന്നിട്ടു നില്ക്കുന്നവരെന്നു പറയാം. സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ നമ്മെ വളരെക്കാലം ബാധിച്ചിരുന്ന മന്ദത നീങ്ങിപ്പോകുന്നതായും, എല്ലാ ക്രിസ്തീയ വകുപ്പുകളിലും ഈ സംഗതിയിൽ ഒരു പ്രത്യേക ഊർജ്ജിതം അടുത്ത കാലത്തുണ്ടായിരിക്കുന്നതായും കാണുന്നതു് എത്രയൊ സന്തോഷജനകവും ആശ്വാസപ്രദവുമാണ്. രണ്ടു മാന്യ യുവതികൾ ഈയിടെ ബി. ഏ. പരീക്ഷയിൽ ജയിക്കുകയും, അതിൽ ഒരു യുവതി ഡാക്ടർ ജോലി പഠിക്കുന്നതിലേക്കായി എഡിൻബറോയിലേക്കു പോകയും ചെയ്തിരിക്കുന്നു. ആ ജോലിയിൽ വേണ്ട നൈപുണ്യം പ്രാപിച്ചു് ഏറെത്താമസിയാതെ നമ്മുടെയിടയിൽ മടങ്ങിവന്നു, നമ്മുടെ എന്നല്ല, എല്ലാ സമുദായത്തിലും ഉള്ള രോഗികൾക്കു, പ്രത്യേകം സ്ത്രീജനങ്ങൾക്ക്, അരോഗതയും ആശ്വാസവും സൗഖ്യവും വർദ്ധിപ്പിക്കുന്നതിലേക്കായി തന്റെ ആയുസ്സിനെ നയിപ്പാനാണല്ലൊ മിസ്സ് മേരി പുന്നൻ നിശ്ചയിച്ചിരിക്കുന്നതു്. മറേറ യുവതി മിസ്സ് മേരി വർക്കി, മറിയയെപ്പോലെ നല്ല പങ്കിനെ സ്വീകരിച്ചു് തന്റെ സഹോദരികൾക്കു വിദ്യാസമ്പത്തു് ആർജ്ജിച്ചു കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതായും അറിയുന്നു.”

ഈ രണ്ടു യുവതികളിൽ മിസ്സ് മേരി പുന്നൻ

എന്നു പറഞ്ഞിരിക്കുന്നതു് ഡാക്ടർ മിസ്സസ് പുന്നൻ ലൂക്കോസിനെ ഉദ്ദേശിച്ചാണു്. (മി: കെ. കെ. ലൂക്കോസിനെപ്പററി അന്യത്രയുള്ള വിവരണം കാണുക)

വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു കോട്ടയത്തുവച്ചു് യാക്കോബായ സുറിയാനിക്രിസ്ത്യാനികളുടെ വകയായി ഒരു മംഗളപത്രം സമപ്പിക്കയുണ്ടായി.. അന്നു കേവലം പന്ത്രണ്ടു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന മി: ജോണും സമപ്പകന്മാരുടെ സംഘത്തിൽ ഉണ്ടായിരുന്നു. "നിങ്ങളുടെ സമുദായം പൂർവ്വത്തിങ്കലെ ഉള്ളതുർ"–എന്നു തുടങ്ങി "ശ്രീ പരശുരാമൻ രണ്ടാമതും ഈ കേരളം സന്ദർശിക്കുന്നതായാൽ സുറിയാനി ക്രിസ്ത്യാനികളേക്കാൾ രാജഭക്തിയുള്ള ഒരു ജനസമുദായത്തേക്കാണുവാൻ സാധിക്കുകയില്ല"എന്നു വരെയുള്ളതായ ചരിത്രപ്രസിദ്ധമായ ആ രാജകീയാഭിപ്രായം ഈ മംഗളപത്രത്തിനു മറുപടിയായിട്ടാണു് വിശാഖം തിരുനാൾ തിരുമേനി പ്രസ്താവിച്ചതെന്നുള്ളതും സ്മരണീയമാണു്. തിരുമേനി ഈ മറുപടി എഴുതി ബാലനായ ജോണിനെയാണു് ഏല്പിച്ചതു്.

സ്വപുത്രനായ മി: ഈ. ജോൺ പീലിപ്പോസിന്റെ ജയിൽവാസകാലത്തു്, മി: ഈ. ജെ. ജോൺ, കായികമായ വാർദ്ധക്യക്ലേശങ്ങൾക്കു വിധേയനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ മനശ്ശക്തിയും മനശ്ശാന്തിയും, പ്രവൃദ്ധമായിരുന്നു. പുത്രന്റെ ജയിൽവാസത്തിൽ അദ്ദേഹം അഭിമാനിച്ചു. രാഷ്ട്രീയ പ്രവത്തകന്മാരെ അഭിമുഖീകരിക്കുന്ന അനുഭവങ്ങളുടെ വൈപുല്യവും വൈവിദ്ധ്യവും ഗ്രഹിച്ചിരുന്ന ആ മഹാപുരുഷൻ ആ അവസരങ്ങളിലെല്ലാം ശാന്തസമുദ്രംപോലെ

ശാന്തനായിത്തന്നെ വർത്തിച്ചു. ക്ഷോഭം അദ്ദേഹത്തിൽ നിന്നു അന്യമായിരുന്നുവെന്നു പറഞ്ഞുകൂടാ. എങ്കിലും അതു് പരമ ദുർല്ലഭമായിരുന്നു. ഉദ്ദേശിക്കുന്ന കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി അദ്ദേഹം പരിസരങ്ങളെ മറക്കുമായിരുന്നു. എന്നാൽ അതിനുവേണ്ടി അദ്ദേഹം അപഥസഞ്ചാരം ചെയ്തതായി ഒരറിവുമില്ല.

മി: ഈ. ജെ. ജോൺ ഒരു പൊതുക്കാര്യപ്രസക്തനായിരുന്നുവെന്നു പറയുവാൻ മാർഗ്ഗം കാണുന്നില്ല. പൊതുക്കാര്യങ്ങളേക്കാൾ സമുദായ കാര്യങ്ങളിലും, സ്വന്ത കാര്യങ്ങളിലും ശ്രദ്ധിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനായിരുന്നു.

"കേരള ജവഹരിലാൽ" എന്ന അപരാഭിധാനത്താൽ നമ്മുടെ രാഷ്ട്രീയവൃത്തങ്ങളിൽ അറിയപ്പെട്ടിരുന്ന മി: ഈ. ജോൺ ഫീലിപ്പോസ് ബന്ധനത്തിലായിരുന്ന ഒരവസരത്തിൽ സ്റ്റേറ്റുകോൺഗ്രസിൻെറ പ്രസിഡണ്ടുസ്ഥാനം അലങ്കരിച്ചതു് അദ്ദേഹത്തിന്റെ സഹോദരനായ മി: ഈ. ജെ. കുരുവിളയുടെ ധർമ്മപത്നിയാണു്. മൈസൂർ ചാണ്ടിയെന്നു പ്രസിദ്ധി നേടിയ രാജ സഭാഭൂഷണൻ കെ. ചാണ്ടിയുടെ പുത്രിയാണു് ആ മനസ്വിനി.

മി: ഈ. ജെ. ജോൺ—അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉണ്ടായ ഏററവും വലിയ പരാജയം, തിരുവല്ലാ നിയോജകമണ്ഡലത്തിൽ നിന്നു് നിയമസഭാ തെരെഞ്ഞെടുപ്പിനു സംഭവിച്ചതാണു്. നായർ- ക്രിസ്ത്യൻ സൗഹാർദ്ദം അന്നു് ഇന്നുള്ളതിൻെറ ദശാംശം പോലുമുണ്ടായിരുന്നില്ല. മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും മി: ഈ. ജെ. ജോണും തമ്മിൽ നടന്ന

തെരഞ്ഞെടുപ്പു മത്സരം, ഞൊടിയിടകൊണ്ടു് ഒരു നായർ-ക്രിസ്ത്യൻ മത്സരമായി രൂപാന്തരപ്പെട്ടു. അങ്ങിങ്ങു വലിയതും ചെറിയതുമായ സംഘട്ടനങ്ങൾ നടന്നു. ആയുധധാരികളായ റിസേർവ് പോലീസ് സമാധാന സംസ്ഥാപനത്തിനു തിരുവനന്തപുരത്തു നിന്നു ധാരാളമായി വന്നുചേരേണ്ടിവന്നു. ഒരു പോളിംഗ്സ്റ്റേഷനായിരുന്ന നിരണം സ്കൂളിന്റെ കവാടങ്ങൾ പൊളിഞ്ഞുവീഴുകയും, അതിന്റെ വെണ്മ നിറഞ്ഞ ഭിത്തികളിൽ ചുവന്ന രേഖകൾ ഉണ്ടാകയും ചിലർ ആതുരാലയങ്ങളെ അഭയം പ്രാപിക്കേണ്ടിവരുകയും ചെയ്തതിനു ശേഷമേ ആ ബഹളം അവസാനിച്ചുള്ളു. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ വളരെ വാശിയോടു നടന്ന രണ്ടു തെരഞ്ഞെടുപ്പുകളിൽ ഒന്നിതായിരുന്നു. മററതു് പത്തനംതിട്ട നിയോജകമണ്ഡലത്തിൽ മി: ററി. എം. വറുഗീസും, മി: കെ. കുമാരും തമ്മിൽ നടന്നതാണു്. തിരുവല്ലാ തെരഞ്ഞെടുപ്പിൽ വാശിയും വൈരവും അതിന്റെ പരമോച്ചകോടിയിലെത്തിയപ്പോൾ വർഗ്ഗീയമത്സരത്തിനിടകൊടുക്കുന്നതിലുള്ള വൈമുഖ്യവും ഖേദവും മൂലം മി: ജോൺ തന്നെ സ്ഥാനാർത്ഥിത്വം പിൻവലിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്യേണ്ടിവന്നു. പക്ഷേ അതു വളരെ താമസിച്ചുപോയി. വിജയലക്ഷ്മി മി: ചങ്ങനാശേരിയെ വരണമാല്യം ചാർത്തി. സാമ്പത്തികമായ വലിയ ഒരു ആഘാതമേല്ക്കുവാൻ ഇടയായ ഒരു സന്ദർഭത്തിൽ പോലും മന്ദസ്മിതം അദ്ദേഹത്തിൽ നിന്നു മറഞ്ഞിരുന്നില്ല.

കണ്ടത്തിൽ വറുഗീസു മാപ്പിള അവർകളാൽ

സ്ഥാപിതമായ തിരുവല്ലാ തിരുമൂലപുരം ഹൈസ്കൂളി ന്റെ അഭിവൃദ്ധിയിൽ മി: ജോൺ പ്രത്യേക തല്പര നായിരുന്നു. മി: വറുഗീസ് മാപ്പിളയുടെ പുത്രനായ പരേതനായ മി: കെ. വി. ഈപ്പൻ ബി. ഏ. ബി. എൽ. ആണ് മി: ജോണിന്റെ ഒരു പുത്രിയായ ശ്രീമതി കുഞ്ഞൂഞ്ഞമ്മയെ(മിസ്സസ്സ് മറിയം ഈപ്പൻ) വിവാഹം ചെയ്തിരുന്നത്. മറെറാരു പുത്രി ഡാക്ടർ ജോൺ മത്തായിയുടെ ഭാര്യാപദം അലങ്കരിക്കുന്നു. അമേരിക്കയിൽവച്ചു ഉദ്ദേശം നാലു മാസം മുമ്പു നി ര്യാതയായ മിസ്സ് വത്സാ, ഇവരുടെ പുത്രിയാണ്. തി രുമൂലപുരം ബാലികാമഠത്തോടനുബന്ധിച്ച് ജോൺ വക്കീലവർകളുടെ സ്മാരകമായി ഒരു ഹാൾ സ്ഥാപി ച്ചിരിക്കുന്നു.

മങ്കോട്ടയിലെ മഹർഷി മൺമറഞ്ഞു. അദ്ദേഹത്തി ന്റെ വിയോഗം സ്വകുടുംബങ്ങളേക്കാൾ സ്വസമുദായ ത്തെയാണധികം ദുഃഖിപ്പിച്ചത്. അദ്ദേഹത്തിന്റെ തിരോധാനംമൂലം, അഭിഭാഷകലോകത്തിനു ഒരു മാന്യ ഷ്ഠപ്രഭാവൻ നഷ്ടപ്പെട്ടു. മലങ്കര സുറിയായി സമുദായ മണ്ഡപത്തിനു ഒരു ബലിഷ്ഠസ്തംഭം നഷ്ടപ്പെട്ടു, കേരള ത്തിനുശമധനനായ ഒരു രാഷ്ട്രീയ നേതാവു നഷ്ടപ്പെ ട്ടു. കേരളീയ ക്രിസ്ത്യൻ സമുദായത്തിനു ഒരു അഭിമാന ഭാജനം നഷ്ടപ്പെട്ടു.

1942 ഡിസംബർ 14-ാം തീയതി 84-ാമത്തെ വയസ്സിൽ പ്രപഞ്ചത്തിരശ്ശീലക്കുള്ളിൽ മറഞ്ഞ മി: ജോണിനെ സംബന്ധിച്ചു തിരുവിതാംകൂർ ഹൈ ക്കോടതിയിൽ നടന്ന റഫറൻസിൽ, തിരുവിതാംകൂർ അഡ്വക്കേററ്സ് അസോസിയേഷൻ പ്രതിനിധി

എന്ന നിലയിൽ മി: ഇ൭. സുബ്രഹ്മണ്യയ്യർ പ്രസ്താവി ച്ചതു്, തിരുവിതാംകൂറിൽ ജനിച്ചിട്ടുള്ള ഏററവും വ ലിയ മഹാന്മാരിൽ ഒരുവനായിരുന്നു അദ്ദേഹമെന്നാ ണു്. ചീഫ് ജസ്റ്റീസായിരുന്ന മി: ജോസഫ് തളിയ ത്തു് അതിനോടു യോജിക്കുകയും, മി: ജോണും മി: മാരാരും തിരുവിതാംകൂർ ബാറിലെ രണ്ടു പ്രശസ്തദീ പങ്ങളായിരുന്നുവെന്നു പ്രസ്താവിക്കുകയും ചെയ്തു.

മി: ഇ൭. ജെ. ജോൺ! അദ്ദേഹത്തിൻെറ ഭൗതി കാവശിഷ്ടങ്ങൾ നിരണം. ഭദ്രാസന ദേവാലയത്തി ൻെറ വിശുദ്ധാങ്കണത്തിലുള്ള ആറടി മണ്ണിൽ അ ന്ത്യവിശ്രമം കൊള്ളുന്നു. ആ മഹാ പുരുഷൻെറ പാ വനാത്മാവു് അനന്തതയിൽ വിശ്രമിക്കുന്നു.

# രാജശ്രീ. എം. ഏ. ചാക്കൊ.

കൊച്ചിയിലെ എക്സൈസ് കമ്മീഷണറായും, പോലീസ് സൂപ്രണ്ടായും, പട്ടാളംകമാൻഡൻറായും മ റദുംപ്രശസ്തമായ നിലയിൽ ഉദ്യോഗംവഹിച്ചു്, നസ്രാണിസിംഹം എന്ന പേരു പിടിച്ചു്, കൊച്ചി നിയമ സഭയിൽ ഏഴു വർഷക്കാലം ഗംഭീര ഗർജ്ജനം നടത്തി, ആയുഷ്കാലം മുഴുവൻ സമുദായസേവനം നിർവ്വഹിച്ചു്, ആ സേവനമദ്ധ്യത്തിൽ ഞൊടിയിടകൊണ്ടു് സ്വജനങ്ങളെയും സമുദായത്തെ പൊതുവെയും കണ്ണുനീരിലാറാടിച്ചു തിരോഭൂതനായ മി: എം, ഏ. ചാക്കൊ ബി. എ, അവിസ്മരണീയനായ ഒരു മഹാവ്യക്തിയായിരുന്നു.

കൊച്ചി കണയന്നൂർ താലൂക്കിൽ കുഴിപ്പള്ളി വില്ലേജിൽ അയ്യമ്പള്ളി എന്ന കേവലമൊരു കുഗ്രാമത്തിൽ ജനിച്ച ആ ക്രൈസ്തവ ശിശു, എങ്ങനെ ഇത്ര ഉന്നത സ്ഥാനത്തെത്തിയെന്നുള്ളതു ചിന്താർഹമായ വസ്തുതയാണു്. സാഹചര്യങ്ങളുടെ പ്രാതികൂല്യത്തെ തട്ടിയെറിഞ്ഞു്, വിദൂരത്തിൽ ഉന്നം വച്ചു്, ലക്ഷ്യസ്ഥാനത്തേക്കു ക്രമേണ നീങ്ങിയടുക്കുവാൻ, മി: ചാക്കോയിക്കു കഴിഞ്ഞു. നിരന്തരമായ പരിശ്രമവും, എന്തായാലും ക്ഷീണിക്കാത്ത മനക്കരുത്തും, നിരാശയെ പിൻതള്ളുന്ന നിശ്ചയ ദാർഢ്യവും ആയിരുന്നു അതിനു കാരണം. പഠിത്തത്തിൽ പറയത്തക്ക സമർത്ഥനല്ലായിരുന്നു, ഗ്രന്ഥപാരായണത്തിൽ അത്ര കുതുകിയല്ലായിരുന്നു, ബുദ്ധിസാമർത്ഥ്യത്തിൽ അത്ര വലിയ മികവില്ലായിരുന്നു, തൻകാര്യത്തിൽ തീക്ഷ്ണത

യുമില്ലായിരുന്നു. എന്നിട്ടും അദ്ദേഹം എങ്ങനെ അഭികാമ്യമായ ആ ഉന്നത സ്ഥാനം കരസ്ഥമാക്കി? ഉവ്വ്. ആ ചോദ്യത്തിനു ചെറിയ ഒരൊററ ഉത്തരമേയുള്ളു. —ഹൃദയശുദ്ധിയും, ആത്മാത്ഥമായ സേവനസന്നദ്ധതയും, കളങ്കരഹിതമായ വത്തനവും.

ഒരു കൊച്ചിരാജ്യപ്രജയായിരുന്നുവെങ്കിലും മി: ചാക്കൊ, ഒരു തിരുവിതാംകൂർകാരനെപ്പോലെ സമുദായ കാൎയ്യങ്ങളിൽ വത്തിച്ചു. കൊച്ചിക്കാരനായിരുന്നുവെങ്കിലും, തിരുവിതാംകൂറിലായിരുന്നു അദ്ദേഹത്തിനു മിത്രസമ്പത്തുകഠം. താമസം തൃശ്ശൂരായിരുന്നുവെങ്കിലും; ക്രൈസ്തവ കേന്ദ്രമായ കോട്ടയത്ത് ഏതു സമുദായ കാൎയ്യത്തിനും അദ്ദേഹത്തെ കണ്ടിരുന്നു, തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും നീണ്ടു കിടക്കുന്ന സമുദായശൃംഖലയുടെ നടുക്കണ്ണിയായിരുന്നു അദ്ദേഹം.

മി: എം. ഏ. ചാക്കൊ! ചന്ദ്രശേഖരനാനയുടെ തലയെടുപ്പും, അമ്പലക്കാളയുടെ നടത്തയും, ചിന്താഗൗരവം സ്ഫുരിക്കുന്ന മുഖഭാവവും, പ്രഥമവീക്ഷണത്തിൽ കാൎയ്യഗ്രഹണത്തിനു സമത്ഥമായ നേത്രങ്ങളും, നരച്ചുതുടങ്ങിയ ശിരസ്സും, വാദ്ധക്യത്തെ നിസ്സാരമായി ഗണിച്ചുകൊണ്ടുള്ള എടുത്തുചാട്ടവും—ഇങ്ങനെ കായികവും മാനസികവുമായ ഒരു ചിത്രമാണ് അദ്ദേഹത്തെ സ്മരിക്കുമ്പോഠം പരിചിതന്മാരുടെ അന്തർനേത്രങ്ങളിൽ പ്രതിഫലിക്കുന്നതു്.

സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവു തിരുമനസ്സിലെ പ്രത്യേക പരിഗണനയ്ക്കും വാത്സല്യത്തിനും പാത്രീഭവിച്ചിരുന്ന മി: ചാക്കൊ, തിരുമനസ്സി

ലെ കാശി യാത്രയിൽ പരമവിശ്വസ്തതയോടെ അകമ്പടി സേവിക്കയും, രാജകീയ പാരിതോഷികങ്ങൾക്ക് അർഹനായിത്തീരുകയും ചെയ്തു. തൃശ്ശൂർ നടന്ന കുപ്രസിദ്ധമായ നായർ—നസ്രാണി ലഹളക്കാലത്ത് മി: ചാക്കൊ പോലീസ് സൂപ്രണ്ടായിരുന്നു. അന്നാണ് മി: ചാക്കോയുടെ ധൈര്യവും, ആജ്ഞാപ്രാഭവവും നയവും കൊച്ചീരാജ്യവാസികൾക്കു നേരിട്ടനുഭവമായത്.

വലിയ ഉദ്യോഗങ്ങൾ ലഭിക്കുമ്പോൾ ചിലരുടെ ഭാവം മാറുക സാധാരണമാണ്. സതീർത്ഥ്യരെയും ഉററബന്ധുക്കളേയുംപോലും അറിയുകയില്ലെന്നു ഭാവിക്കുക, ദയവോട്ടും സൗമനസ്യത്തോടും സംസാരിക്കുന്നതിൽ അലംഭാവം കാണിക്കുക, സാധുക്കളുടെ നേരെ അവജ്ഞ പ്രകടിപ്പിക്കുക, ആവശ്യത്തിനും അനാവശ്യത്തിനുമെല്ലാം അധികാരഭ്രമം പ്രദർശിപ്പിക്കുക,— ഇങ്ങനെ പോകുന്നു ആ സ്വഭാവ പരിവർത്തനങ്ങൾ. അങ്ങനെയുള്ളവരിൽ തൊണ്ണൂററൊൻപതു ശതമാനവും പെൻഷൻ പററുമ്പോൾ, ഭീരുത നിറഞ്ഞ ശ്വാവിനെപ്പോലെ വാലാട്ടി പൗരജനമൈത്രിക്കു കാംക്ഷിച്ചു നടക്കുന്നതായിക്കാണാം. വിഷപ്പല്ലു പറിഞ്ഞ പാമ്പിനെപ്പോലെയാകും അവരുടെ പിന്നീടുള്ള സ്ഥിതി. മി: ചാക്കോയെ സംബന്ധിച്ച് ഇവിടെ ബഹുമാനപൂർവ്വം പ്രത്യേകം സ്മരിക്കാനുള്ളത് അദ്ദേഹത്തിൻെറ വിനയവും അനഹങ്കാരവുമാണ്.

കേവലം പതിനഞ്ചു രൂപാ ശമ്പളത്തിൽ ഒരു ക്ലാർക്കായി കൊച്ചി സർവീസിൽ പ്രവേശിച്ച സ്വയ്ംപുരുഷൻ കൊച്ചിയിലെ ഒന്നാമത്തെ ക്രിസ്ത്യൻ ദിവാൻ

പേഷ്കാരായും, അനന്തരം എക്സൈസ് കമ്മീഷണരായും, പോലീസ് സൂപ്രണ്ടും പട്ടാളം കമാൻഡൻറുമായി ഉയന്നു. ഈ ഉദ്യോഗജീവിതകാലം മുഴുവൻ താൻ സാക്ഷാൽ ക്രിസ്തുമതം അവലംബിക്കുന്ന ഒരാളാണെന്നുള്ള ബോധം മുൻനിറുത്തിയായിരുന്നു അദ്ദേഹത്തിൻെറ എല്ലാ പ്രവൃത്തികളും. അധികാരസമ്പന്നമായ പോലീസു വകുപ്പിൻെറ മേധാവിയായിരുന്ന കാലത്തും, എക്സൈസ് കമ്മീഷണരായിരുന്നപ്പോഴും അപഥസഞ്ചരണം ചെയ്യുന്നതിനുള്ള സന്ദർഭങ്ങൾ പലതുണ്ടായിട്ടുണ്ട്. അവയെ, ഒരു ശമധനൻെറയും ജിതേന്ദ്രിയൻെറയും മനോഭാവത്തോടെ അദ്ദേഹം എതിത്തു ജയിച്ചു. മദ്യപാനം അദ്ദേഹത്തിൻെറ ജീവിതത്തെ മലിനപ്പെടുത്തിയിരുന്നില്ല. ഉദ്യോഗഗർവ്വ്, അദ്ദേഹത്തെ സമീപിച്ചിട്ടുള്ള ആക്കും അനുഭവപ്പെട്ടിരുന്നില്ല. കൈക്കൂലിക്കുള്ള സകലസാഹചര്യങ്ങളും ഒത്തിണങ്ങിയിരുന്നിട്ടും അദ്ദേഹം ആ അനീതിക്കു വിധേയനായിട്ടില്ല. അദ്ദേഹം പറയുമായിരുന്നു "പതിനഞ്ചു രൂപായിൽ നിന്ന് എഴുന്നൂററമ്പതു രൂപാ ശമ്പളത്തിൽവരെ ദൈവം എന്നെ ഉയത്തി. ഇതുകൊണ്ടു ഞാൻ പരിപൂണ്ണതൃപ്തനാണ്" എന്ന്. ഔദാര്യം അദ്ദേഹത്തിൻെറ മറെറാരു ഗുണമായിരുന്നു. പല സാധു വിദ്യാർത്ഥികൾക്കും അദ്ദേഹം ഫീസിനത്തിലും മററും ധനസഹായം ചെയ്തിരുന്നു. ഇങ്ങനെയുള്ള ധനസഹായം മൂലം നല്ലനിലയിൽ വന്നിട്ടുള്ള വളരെപ്പേരുണ്ട്. വാൎദ്ധക്യത്തെ അദ്ദേഹം സീമാതീതമായി ബഹുമാനിച്ചിരുന്നു. പ്രായം കൂടിയ ഏതൊരു സാധുവും സംഗൃഹത്തിൽ കടന്നുവന്നാൽ അദ്ദേഹം എഴുനേററു ബഹു

No: 3350

മാനം പ്രദർശിപ്പിക്കുമായിരുന്നുവെന്നാണറിയുന്നതു്. ഗുരുഭക്തിയിലും മതഭക്തിയിലും രാജഭക്തിയിലും മി: ചാക്കോ അദ്വിതീയനായിരുന്നുവെന്നു പറയാം. ചെറുപ്പത്തിൽ കുടിപ്പള്ളിക്കൂടത്തിൽ തന്നെ പഠിപ്പിച്ച ഒരു ഗുരുഭൂതൻ പലപ്പോഴും ശിഷ്യന്റെ ഉയൎച്ചയിൽ അഭിമാനഭരിതനായി അദ്ദേഹത്തെ കാണുവാൻ ചെല്ലുമായിരുന്നു. ഗുരു വന്നാലുടൻ മി: ചാക്കൊ—കൊച്ചി പോലീസു വകുപ്പു മേധാവി—എഴുന്നേററുനില്ക്കും. ഗുരു നിർബ്ബന്ധിച്ചാൽ പോലും ഇരിക്കുമായിരുന്നില്ല. അത്ര മഹത്തരമായിരുന്നു മി: ചാക്കോയുടെ ഗുരുഭക്തി. മതാനുഷ്ഠാനങ്ങളിൽ കഥാപുരുഷൻ ദൃഢനിഷ്ഠനായിരുന്നു. നോമ്പു്, പ്രാർത്ഥന, മുതലായവയിൽ അണുമാത്രമെങ്കിലും വ്യതിചലിച്ചിരുന്നില്ല. നോൻപു കാലങ്ങളിൽ ഉച്ച വരെ ഉപവസിച്ചിരുന്നു. സർക്കീട്ടിനിടയിൽ പന്ത്രണ്ടു മൈൽ സൈക്കിൾ ചവിട്ടിപ്പോലും പള്ളിയിൽ പോകുമായിരുന്നു. "ഞാൻ നിസ്സാരൻ, ദുർബ്ബലൻ, എല്ലാം ദൈവത്തിന്റെ കാരുണ്യം" എന്നായിരുന്നു അദ്ദേഹത്തിന്റെ ദൃഢബോദ്ധ്യം. ദീനജനങ്ങളെ ഒരിക്കലും ഭത്സിച്ചിട്ടില്ല. അങ്ങനെ വല്ലവരും ചെയ്താൽ അവരെ കഠിനമായി ശാസിക്കുമായിരുന്നു.

സ്ഥാനത്യാഗം ചെയ്ത കൊച്ചി വലിയതമ്പുരാൻ തിരുമേനിയെ, പ്രത്യക്ഷദൈവതമായി മി: ചാക്കോ ആരാധിച്ചിരുന്നു. ആ തിരുമനസ്സിലെ കാരുണ്യവും അനുഗ്രഹവും അദ്ദേഹത്തിന്റെമേൽ നിർലോഭംചൊരിഞ്ഞിരുന്നു. അസൂയാലുക്കളുടെ അനുസ്യൂതമായ പരാതികൾ നിശ്ശേഷം അവഗണിച്ചു്, കാര്യക്ഷമതയും പ്രാപ്തിയും സ്വഭാവശുദ്ധിയുമുള്ള ഉദ്യോഗസ്ഥന്മാരെ

കണ്ടറിഞ്ഞു പ്രോത്സാഹിപ്പിക്കുവാൻ ആ തിരുമന സ്സിലേക്കുണ്ടായിരുന്ന ഹൃദയാലുത്വം പല മഹത്തുക്കളു ടെയും പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ടല്ലോ

തിരുവിതാംകൂറിൽ നിന്നും നാടു കടത്തപ്പെട്ട സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയ്ക്കു, പുലിക്കോ ട്ടിൽ യൗസേഫ് ശെമ്മാശൻ (അദ്ദേഹം റമ്പാനായി 1942-ൽ മരിച്ചു) കുന്നംകുളത്തുള്ള സ്വഗൃഹത്തിൽ ജീ വിതസൗകര്യം നൽകി. ശെമ്മാശൻ അന്ന് ആത്മ പോഷിണി മാസിക നടത്തിക്കൊണ്ടിരിക്കയായിരുന്നു. മി: രാമകൃഷ്ണപിള്ളയെ അതിൻെറ പത്രാധിപരായി നിയമിച്ചു. എന്നാൽ തിരുവിതാംകൂറിൽ നിന്നു നാടു കടത്തപ്പെട്ട ഒരാൾക്കു കൊച്ചിയിൽ അഭയം കൊടു ക്കുന്നതു് രണ്ടു രാജ്യങ്ങളും തമ്മിലുള്ള സൗഹാർദ്ദബന്ധ ത്തിനു ഭംഗം വരുത്തുമെന്നുള്ളതുകൊണ്ടു് മി: രാമകൃഷ്ണ പിള്ളയെ പറഞ്ഞയയ്ക്കണമെന്നു കൊച്ചി പോലീസു സൂപ്രണ്ടായ മി: ചാക്കോ, ശെമ്മശനെ നിർബന്ധിച്ചു ശെമ്മാശൻ അതിനെ പ്രതിഷേധിച്ചുവെങ്കിലും, മി: രാമകൃഷ്ണപിള്ള കുന്നംകുളം വിട്ടു പോകുകയുണ്ടായി.

അല്പസമയവും വെറുതെയിരിക്കുന്ന സ്വഭാവം മി. ചാക്കോയിക്കുണ്ടായിരുന്നില്ല ഉദ്യോഗത്തിലിരിക്കുമ്പോ ൾ, വെളുപ്പിനു നാലു മണിക്കു കൃത്യമായി ഉണരുമായിരു ന്നു നേരം പ്രകാശമാകുന്നതിനു മുമ്പു് എഴുത്തുകുത്തു കളെല്ലാം അവസാനിപ്പിക്കും. അനന്തരമാണു പ്രഭാത പ്രാർത്ഥന നടത്തുന്നതു്. അതു കഴിഞ്ഞു കാപ്പി കുടി ക്കുന്നു. ഒൻപതു മണി വരെ തോട്ടത്തിൽ ജോലി ചെ യ്തുകൊണ്ടിരിക്കും. ചെടികൾക്കു തടം പിടിക്കുക, വള മിടുക, കിളയ്ക്കുക-ഇവയെല്ലാം നിർവ്വഹിക്കുന്നതു് അ ദ്ദേഹത്തിനു കൗതുക കരമായിരുന്നു. പുറത്തിറങ്ങി അ

ധികം സഞ്ചരിക്കുന്നതിൽ ഇഷ്ടമുണ്ടായിരുന്നില്ല. ആഫീസ് ജോലികൾ കൃത്യനിഷ്ഠയോടും തികഞ്ഞ കത്തവ്യബോധത്തോടും കൂടിയാണ് അദ്ദേഹം നിവ്വഹിച്ചുവന്നതു്. വൈകിട്ടു് കുളി മുതലായവ കഴിഞ്ഞാൽ ഒരു മണിക്കൂർ പത്രം വായന നിർബന്ധമാണ്. അത്താഴം കഴിഞ്ഞാലുടൻ കിടക്കും—ഇങ്ങനെയായിരുന്നു സ്മയ്യപുരുഷൻെറ ദിനചയ്യകൾ.

ആശാരിപ്പണിയും നൂൽനൂല്പും അദ്ദേഹത്തിന് ഇഷ്ടമുള്ള രണ്ടു വ്യായാമപരമായ തൊഴില്കളായിരുന്നു. മരപ്പണിക്കു വേണ്ട ഉളികളും കൊട്ടുവടികളും അദ്ദേഹം വാങ്ങി വച്ചിരുന്നു. കുരണ്ടി, ചക്രാ മുതലായ പണികളാണ് സ്വയം നടത്തിയിരുന്നതു്. സ്വന്തമായി പണിത ഒരു ചക്രായിലാണ് നൂൽ നൂററിരുന്നതും.

ഭക്ഷണത്തിൻെറ കായ്യത്തിൽ മി: ചാക്കോയിക്കു വലിയ നിർബന്ധമൊന്നുമില്ലായിരുന്നു. എന്തായാലും വൃത്തിയായി കിട്ടണം. അടുക്കളയുടെ ശുചിത്വം സംരക്ഷിക്കുന്ന കായ്യത്തിൽ അദ്ദേഹം ഭായ്യയെ എപ്പോഴും അലട്ടിയിരുന്നു. മാംസാഹാരത്തേക്കാൾ സസ്യാഹാരം അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു.

സമുദായ കായ്യമെന്നു പറഞ്ഞാൽ അതു സ്വന്തം കായ്യമാണെന്നായിരുന്നു മി: ചാക്കോയുടെ വിശ്വാസം. കാതോലിക്കാസ്ഥാപനം, മലങ്കരയിൽ സുപ്രതിഷ്ഠിതമാകണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. അതനുസരിച്ചു് ആത്മാത്ഥതയോടെ അദ്ദേഹം പ്രവത്തിച്ചു. മലങ്കര സുറിയാനി സമുദായക്കേസിൽ ഒരു സാക്ഷിയായിരുന്ന അദ്ദേഹം മൊഴി കൊടുക്കുന്നതിനായി കോട്ടയം പഴയസിമ്മനാരിയിൽ താമസിക്കവെ

യാണു പെട്ടന്നു നിൎയ്യാണമടഞ്ഞതു്. 1941 ആഗസ്റ്റ് 25-ാംനു- തിങ്കളാഴ്ച കോടതിയിൽ ജഡ്ജിയും വക്കീലന്മാരും ആ പ്രശസ്ത സാക്ഷിയുടെ ആഗമനം പ്രതീക്ഷിച്ചിരിക്കവെ, അദ്ദേഹം പെട്ടന്നു മരിച്ചു പോയി എന്ന വാൎത്തയാണു് അവൎക്കു കേൾക്കുവാനിടയായതു്. മി: ചാക്കോയുടെ നിൎയ്യാണത്തിൽ അനുശോചിക്കുവാനായി തിരുവനന്തപുരത്തു് സെൻറ് ജോൎജ്ജ്സ് അസോസിയേഷൻെറ ആഭിമുഖ്യത്തിലും റിട്ട: ജഡ്ജി മി: കെ. കെ. ലൂക്കോസിൻെറ അദ്ധ്യക്ഷതയിലും നടന്ന മഹായോഗത്തിൽ റാവുസാഹിബ് ഒ. എം. ചെറിയാൻ ഇപ്രകാരം പ്രസംഗിക്കുകയുണ്ടായി:—

"അദ്ദേഹത്തിൻെറ സ്വന്തം ഗൃഹകാൎയ്യം പരമൈശ്വൎയ്യത്തിൽ നിൽക്കുന്നു. മൂന്നുനാലു ലക്ഷം വിലവരുന്ന ഭൂസ്വത്തുണ്ടു്. പുത്രന്മാരിലും പുത്രിമാരിലും പലർ ഇൻഡ്യയുടെ പല ഭാഗങ്ങളിലായി ഉന്നത നിലയിലുള്ള ഉദ്യോഗങ്ങൾ ഭരിച്ചുവരുന്നു. സൎക്കാർ സേവനത്തിൽ അദ്ദേഹം സമ്പാദിച്ച പ്രസിദ്ധിയും അനുഷ്ഠിച്ച ജനോപകാരപ്രദമായ സേവനവും ആൎക്കും അസൂയാവഹമാണു്. ബഹുമാന്യനായ ഇലഞ്ഞിക്കൽ ജോൺ വക്കീൽ അവർകളുടെ ഒരു വാച്ചു് തൃശ്ശിവപേരൂർ വച്ചു് മോഷണം പോകുകയുണ്ടായി. വിവരം മി: ചാക്കോ അറിഞ്ഞു. നാല്പത്തെട്ടു മണിക്കൂറിനകം വാച്ചും ചങ്ങലയും തൊത്തുമുദ്രയും കണ്ടെടുത്തു് തിരുവനന്തപുരത്തു് കൊടുത്തയച്ചതായി കേട്ടിട്ടുണ്ടു്. സൎക്കാർ സേവനത്തിൽ അദ്ദേഹത്തിനുണ്ടായ പ്രസിദ്ധി കൊച്ചീരാജ്യത്തിൻെറ പരിധിയെ ബഹുദൂരം അതിക്രമിച്ചിരുന്നു. നൂതനകൊച്ചിയുടെ നിൎമ്മാതാവെന്നു പ്രസിദ്ധ

,നായ സ്ഥാനത്ത്യാഗം ചെയ്ത മഹാരാജാവു തിരുമനസ്സി ലേക്കും കാര്യനിർവ്വഹണസമർത്ഥനായ ദിവാൻരാജഗോ പാലാചാരിക്കും മി: ചാക്കോ വിശ്വാസപാത്രവും വ ലങ്കൈയുമായിരുന്നു. സംഭവബഹുലമായ ഉദ്യോഗജീ വിതത്തിനിടയിൽ സുറിയാനി സമുദായത്തെ അദ്ദേ ഹം ഗൗരവമായിത്തന്നെ വീക്ഷിച്ചു പോന്നു. 25-ാമ ത്തെ വയസ്സിനോടടുത്ത് മലങ്കര സുറിയാനി സഭാ അ സോസിയേഷൻ കമ്മററിയിൽ അംഗമായ അദ്ദേഹം ഇന്നു വരെ മിക്കവാറും എല്ലാ യോഗങ്ങളിലും സംബ ന്ധിക്കുകയും, സമുദായത്തിന്റെ സർവ്വകാര്യങ്ങളിലും സർവ്വാംശവ്യാപാരം ചെയ്യുകയും ചെയ്തുപോന്നിരുന്നു. സുറിയാനി സമുദായത്തിന് അഭ്യന്തരവും ശുഭവുമാ യ ഭരണക്രമം സമ്പാദിക്കുകയും ആവശ്യമായ ആ ശയമണ്ഡല പദ്ധതികൾ ബലപ്പെടുത്തുകയും ചെയ്ത ത് ഈ. ജെ. ജോൺ, എം. ഏ. ചാക്കോ, മാർ ഗീ വറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എ ന്നിവരാണെന്നു നിസ്സംശയം പ്രസ്താവിക്കാം. ജോൺ വക്കീൽ അപകടമല്ലാത്ത വഴി കണ്ടു പിടിച്ച് മുന്നോ ററം ചെയ്യുന്നവനാണ്. എം. ഏ. ചാക്കോ പോ കേണ്ട വഴി കണ്ടു പിടിച്ച് ജയാപജയങ്ങളെ അവഗണിച്ചും മുന്നോററം ചെയ്യുന്നവനാണ്. മാർ ദീവന്നാസ്യോസ് നാരായണാസ്ത്രം പ്രയോഗിക്ക പ്പെട്ടാൽ വിജയം കണ്ടല്ലാതെ മടങ്ങി വരാറില്ല. പരേതനായ കുരുവിള എൻജിനീയറും ഈ ത്രിമൂർത്തികൾക്കു പല ഘട്ടങ്ങളിൽ ബലമേറിയ സഹാ യകർമ്മങ്ങൾ ചെയ്തുകൊണ്ടിരുന്നു. സുറിയാനി സമുദാ യത്തെ സംബന്ധിച്ചു പല ആലോചനകൾ പരേത ന്റെ മനസ്സിൽ ഉണ്ടായിരുന്നതാണ്. തിരുവിതാംകൂ റിൽ തോവാള മുതൽ വടക്കോട്ടുള്ള എല്ലാ താലൂക്കു

കേന്ദ്രങ്ങളിലും, കൊച്ചിയിൽ ഉള്ള എട്ടു താലൂക്കു കേന്ദ്രങ്ങളിലും, നമ്മുടെ പള്ളികൾ ഉണ്ടാക്കേണ്ട ആവശ്യത്തെക്കുറിച്ച് അദ്ദേഹം എന്നോടു ഗൗരവപൂർവ്വം സംസാരിക്കുകയുണ്ടായിട്ടുണ്ട്. ആ ഉദ്ദേശത്തോടുകൂടിയാണ് അദ്ദേഹം എറണാകുളം, തൃശ്ശൂർ, വടക്കാഞ്ചേരി എന്നീ സ്ഥലങ്ങളിലെ പള്ളികളുടെ സ്ഥാപനത്തിൽ ഉത്സാഹിച്ചതു്. അദ്ദേഹം ജീവനോടിരുന്നിരുന്നുവെങ്കിൽ അടുത്ത പള്ളി ഇരിങ്ങാലക്കുട ആകുമായിരുന്നു. പ്രസംഗത്തിനു അദ്ദേഹത്തിനുള്ള പാടവം അല്പമല്ല. എന്നാൽ അദ്ദേഹത്തിൻെറ അസാധാരണമായ വൈഭവം തെളിയുന്നതു് പ്രധാനമ്മാരുമായി ഗുരുതരമായ ആലോചനകൾ നടക്കുന്ന ഘട്ടങ്ങളിലാണ്. വിദ്ദ്യാൎത്ഥികൾ കഠിന പദങ്ങളെ എതിരിടുമ്പോൾ അകാരാദികളെ അന്വേഷിക്കുന്നതുപോലെ തൃശ്ശൂർ പട്ടണത്തിലും കൊച്ചി രാജ്യത്തിൻെറ പല ഭാഗങ്ങളിലും നിന്ന്, സൎവ്വജാതിമതസ്ഥന്മാർ വൈഷമ്യങ്ങളെ കണ്ടുമുട്ടുമ്പോൾ, തൃശ്ശൂരിൽ അദ്ദേഹത്തിൻെറ വസതിയായ "മഞ്ചേറിലാ" മാളികയെ അഭയം പ്രാപിക്കുകയെന്നതു് പല വർഷങ്ങളായി സാധാരണമായിട്ടുണ്ടു്. നമ്മുടെ സമുദായാംഗങ്ങളിൽ പലരും സമുദായം സംബന്ധിച്ച ബഹു കാൎയ്യങ്ങളെക്കുറിച്ചു ബദ്ധശ്രദ്ധരാണെങ്കിലും, സഭയുടെ വിധികളെ അനുഷ്ഠിക്കുന്നതിൽ നിഷ്ഠയുള്ളവരല്ല എന്നു പ്രസിദ്ധമാണല്ലോ. എന്നാൽ പരേതൻെറ ഗൃഹത്തിൽ നോമ്പു്, നമസ്കാരം, വിശ്ശു: കുർബാനാനുഭവം, എന്നിത്യാദി നിഷ്ഠകൾ തെററാതെ അനുഷ്ഠിക്കപ്പെട്ടുപോന്നിരുന്നു. ആണായ ഒരുവൻ സുറിയാനി സഭയ്ക്കു നഷ്ടമായി എന്നുള്ളതാണു് ഇവിടെ ശോക കാരണം. ആണുങ്ങളാവശ്യമായ ഈ കാലഘട്ടത്തിൽ ആണായ ഒരുവൻ നഷ്ടമായെ

ന്നുള്ളതു് ശോകകാരണം തന്നെ. ഞാൻ അശേഷം അധൈര്യപ്പെടുന്നില്ല. ദൈവഗതിയെ ആരു കണ്ടു.? സിംഹക്കുട്ടികൾ തലയെടുത്തു പിടിക്കുവാൻ വേറെയും ഉണ്ടാകുമായിരിക്കും."

വലിയ ശുഭാപ്തി വിശ്വാസിയായിരുന്ന മി: ചാക്കൊ ഒന്നിലും നിരാശപ്പെട്ടിട്ടില്ല. അദ്ദേഹം എക്സൈസ് കമ്മീഷണറായിരുന്നപ്പോൾ, ഉണ്ടായ പണാപഹരണക്കേസിൽ അദ്ദേഹം ഒന്നാം പ്രതിയായിരുന്നു ഏതാണ്ടു് ഒരു ലക്ഷം രൂപയ്ക്കടുത്ത തുക മി: ചാക്കൊ കൊടുക്കേണ്ടതാണെന്നു വിധിയുണ്ടായി. എന്നാൽ മി: സി. ജി. ഹെർബർട്ടു് ദിവാൻജിയായിരുന്ന കാലത്തു് ഹൈക്കോടതിൽ നിന്നുണ്ടായ ഉത്തരവനുസരിച്ചു് മി: ചാക്കൊ നിരപരാധിയെന്നു കാണുകയും, അദ്ദേഹത്തിൻെറ പിടിച്ചു വച്ചിരുന്ന ഒരു ലക്ഷത്തോളം രൂപ വരുന്ന ശമ്പളത്തുക ഒരുമിച്ചു കെട്ടി വാങ്ങുവാൻ സാധിക്കുകയും ചെയ്തു. കേസിൽ പ്രതികൂലമായ വിധിയുണ്ടായപ്പോൾ അദ്ദേഹം പരിഭ്രമിക്കുകയോ, അനുകൂലമായി വിധിയുണ്ടായപ്പോൾ സന്തോഷിക്കുകയൊ ചെയ്തില്ല.

മി: ചാക്കോയിക്കു് ഏററവും ഇഷ്ടമുള്ള വിനോദം ചീട്ടുകളിയായിരുന്നു. പുത്രന്മാരും പുത്രിമാരും ഭാര്യയും താനും കൂടിയാണു് ചീട്ടുകളിക്കുന്നതു്.

മി: എം. ഏ. ചാക്കൊ നമുക്കു നഷ്ടപ്പെട്ടു. ഒരു "രക്തസാക്ഷി"യെപ്പോലെയായിരുന്നു അദ്ദേഹത്തിൻെറ നിര്യാണം. അദ്ദേഹത്തിൻെറ ആത്മാവു നിത്യശാന്തി അടയട്ടെ.

# റാവുസാഹിബ് ഒ. എം. ചെറിയാൻ

റാവുസാഹിബ് ഒ. എം. ചെറിയാൻ അവർകളെ ആരായിട്ടാണു് ഇവിടെ ചിത്രീകരിക്കേണ്ടതു്? ഒരു സാഹിത്യകാരനായിട്ടോ?, അതല്ല, ഒരു വാഗ്മിയായിട്ടോ? അതുമല്ല, ഒരു സമുദായ നേതാവായിട്ടോ? അതുമാത്രവുമല്ല, ഹിന്ദു-ക്രൈസ്തവ-പുരാണ ചരിത്ര പണ്ഡിതനായിട്ടോ?—ഏതേതു നിലകളിൽ അദ്ദേഹത്തെ വർണ്ണിക്കാമോ, അതതു നിലകളിൽ, അദ്ദേഹം തല ഉയർത്തി നില്ക്കുന്നതായിക്കാണാം.

കേരള ക്രൈസ്തവ സമുദായത്തിന്റെ ഒരു നെടുംതൂൺ ആയിരുന്ന അദ്ദേഹം, മലയാളസാഹിത്യ നഭസ്സിലെ ഒരു അത്യുജ്ജ്വല ജ്യോതിസ്സായിരുന്നു. ഒ. എം. സി. സമ്മേളന മണ്ഡപവന സ്ഥലികളിൽ സടാപടലം പാറിച്ചു് ഗർജ്ജന സന്നദ്ധത പൂണ്ട കേസരീന്ദ്രനായിരുന്നു ആ അനുഗൃഹീത വാഗ്മിത്വപ്രഭാവൻ. ഗ്രന്ഥകാരന്മാരുടെ കൂട്ടത്തിൽ അവിശ്രമപരിശ്രമിയായ ഒരു മഹാനായിരുന്നു ആ റാവു സാഹിബ്. ഇന്നു് അദ്ദേഹം നമ്മുടെ സ്മരണകളിൽ മാത്രമെ സ്ഥിതി ചെയ്യുന്നുള്ളു. ആ മേഘനിർഘോഷം അന്തരീക്ഷത്തിൽ എന്നോ ലയിച്ചുകഴിഞ്ഞിരിക്കുന്നു.

ഏതാണ്ടൊരു വ്യാഴവട്ടക്കാലത്തിനു മുൻപു് മുതൽ, റാവു സാഹിബ് ഒ. എം. ചെറിയാൻ അവർകളുമായി എനിക്കു ഗാഢബന്ധമുണ്ടായിരുന്നു. എന്റെ സാഹിതീസേവനത്തിലും സാഹിത്യ വ്യവസായത്തിലും അദ്ദേഹം എനിക്കു മാർഗ്ഗദർശനവും പ്രോത്സാഹനവും

നല്കിയിട്ടുണ്ടെന്നുള്ള വസ്തുത കൃതജ്ഞതാപൂർവ്വം ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ. കേരള കലാപോഷിണി സഭ എന്ന അഭിധാനത്തിൽ; ക്രൈസ്തവ കലാപരിപോഷണാർത്ഥം ആരംഭിച്ച പ്രസ്ഥാനത്തിന്റെ പ്രഥമസമ്മേളനം മാവേലിക്കരവച്ച് ഏതാണ്ട പതിനഞ്ചു കൊല്ലം മുൻപ് നടന്നു. ആ സമ്മേളനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ദ്രുതകവിതാമത്സരത്തിൽ ഞാൻ ഒന്നാം സമ്മാനത്തിനു അർഹനായി. ഒന്നാം സമ്മാനമായ മെഡൽ സമ്മേളനാദ്ധ്യക്ഷനെന്ന നിലയിൽ സ്മൃത്യപുരുഷനാണ് സമ്മാനിച്ചതു്. അന്നു മുതൽ എന്റെ സാഹിത്യ പരിശ്രമങ്ങളെ അദ്ദേഹം ദത്തശ്രദ്ധനായി വീക്ഷിക്കുവാൻ തുടങ്ങി. കേരളക്രൈസ്തവ സേവകസമിതി എന്നു പേരിൽ സുസംഘടിതവും സുശക്തവുമായിരുന്ന ആ ക്രൈസ്തവ പ്രസ്ഥാനത്തിന്റെ പ്രണേതാവും പ്രസിഡണ്ടും ഒ. എം. ചെറിയാൻ അവർകളായിരുന്നു. അതിന്റെ സംയോജകനും, ജീവനാഡിയുമായി പരേതനായ പി. കെ. കൊച്ചീപ്പൂത്തരകൻ വത്തിച്ചു. ഞാൻ ഈ വരികൾ എഴുതുമ്പോൾ, അക്കാലത്തെ കഥകൾ ചലച്ചിത്രത്തിലെന്നപോലെ എന്റെ സ്മൃതിപഥത്തിൽ നിഴലിക്കുന്നുണ്ട്. തിരുവല്ലായിൽ വച്ചു നടത്തപ്പെട്ട സമിതിയുടെ ദ്വിതീയ വാർഷിക സമ്മേളനത്തിൽ വച്ച് ചെറുകഥാ മത്സരത്തിനുള്ള ഒന്നാം സമ്മാനമായ സ്വർണ്ണമെഡലും കവിതാനിർമ്മാണത്തിനുള്ള സ്വർണ്ണ ഖചിതമായ മെഡലും, പ്രശംസാപൂർവ്വമായ അഭിപ്രായ പ്രസംഗത്തോടുകൂടി, മി: ചെറിയാൻ എനിക്കു സമ്മാനിച്ചു. സമിതിയുടെ ആഭിമുഖ്യത്തിൽ

അന്നു പ്രസിദ്ധപ്പെടുത്തിവന്നിരുന്ന കേരള സേവകൻ പത്രത്തിൽ, അദ്ദേഹമെഴുതിയ ഒരു ലേഖനത്തിൽ എന്റെ സാഹിത്യസേവനങ്ങളെ നിർലോഭം പ്രശംസിച്ചിരുന്നു. എന്റെ "ഭാരതീയകഥകൾ" എന്ന പുസ്തകത്തിന് അക്കാലത്തു അദ്ദേഹം എഴുതിയ അവതാരികയും, അദ്ദേഹത്തിനെന്നോടുള്ള സ്നേഹമനോഭാവത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. മി: ചെറിയാൻെറ ചെയ്തികൾ ഇതുപോലെ ഒരു ചെറിയ വിവരണത്തിൽ ഒതുക്കാവുന്നവയല്ല. തിരുവിതാംകൂർ വെർണ്ണാക്കുലർ സ്കൂളുകളുടെ ചീഫ് ഇൻസ്പെക്ടറായിരുന്ന കാലത്തു സുഗ്രീവാജ്ഞക്കാരനായ ഒ. എം. സി. അദ്ധ്യാപക ലോകത്തിനു ഭയം നല്കിക്കൊണ്ടിരുന്നു. അക്കാലത്ത് അപവാദവ്യവസായികൾ അദ്ദേഹത്തെ വല്ലാതെ അലട്ടിയിരുന്നു. റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ അവർകളായിരുന്നു വിദ്യാഭ്യാസ വകുപ്പിൻെറ മേലദ്ധ്യക്ഷൻ. ആരേയും കൂസാത്ത രങ്കസ്വാമിഅയ്യങ്കാരും ആർക്കും വഴങ്ങാത്ത ഒ. എം. ചെറിയാനും പരസ്പരം പിണങ്ങുവാൻ സാരമായ കാരണങ്ങളൊന്നും വേണ്ടിയിരുന്നില്ല. ആയിടക്ക്, മലങ്കര മെത്രാപ്പോലീത്തായായ മാർ ഗീവറുഗീസ് ദിവന്നാസ്യോസ് തിരുമേനിയുടെ സദ്യശസ്സിനുമേൽ ചെളി വാരിയെറിയുന്നതുപോലെയുള്ള ഒരു പ്രസ്താവന തുമ്പമൺ സ്കൂൾ പരിശോധനാവേളയിൽ രങ്കസ്വാമി അയ്യങ്കാരിൽ നിന്നു പുറപ്പെട്ടതായി, തെററോ ശരിയോ ആയ ഒരു പ്രക്ഷോഭണം ശക്തിപ്പെട്ടു. ആ സംഭവത്തെ പുരസ്കരിച്ച് 1103 മിഥുനമാസം 23-ാം തീയതി മലയാള മനോരമ "ഒരു സക്കാരുദ്യോഗസ്ഥൻെറ അധികപ്രസംഗം"

എന്ന തലക്കെട്ടിൽ എഴുതിയ മുഖപ്രസംഗം, ഈ പ്രക്ഷോഭണവഹ്നിക്കു തൈലസേചനമായി പരിണമിച്ചു. പ്രതിഷേധയോഗങ്ങളും, പ്രതിഷേധപ്രസ്താവനകളും, തുടരെത്തുടരെയുണ്ടായി. ഈ പ്രതിഷേധപ്രസ്ഥാനഹയത്തിന്റെ കടിഞ്ഞാൺ മി: ഒ. എം. ചെറിയാന്റെ കൈയ്യിലായിരുന്നുവെന്നുള്ള വസ്തുത, അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവരുടെ സ്മരണയിൽ ഉണ്ടായിരിക്കണം. ആയിടയ്ക്കു "വിദുരർ" എന്ന ഗുപ്ത നാമത്തിൽ മലയാള മനോരമയിൽ എഴുതിയിരുന്ന ലേഖനങ്ങളുടെ കർത്തൃത്വം സ്വയ്യ്പുരുഷനിലാണു സ്ഥിതിചെയ്തിരുന്നതു്. മി: ചെറിയാനെ ഉദ്യോഗത്തിൽ നിന്നു "ഡിസ്മിസ്സ്" ചെയ്യുമെന്നോ നിർബന്ധപൂർവ്വം പെൻഷൻ കൊടുത്തു വിടുമെന്നോ ആയിടയ്ക്കു ബലമായ ശ്രുതിപരന്നു മി: ചെറിയാനെ സ്ഥാനത്തും അസ്ഥാനത്തും സഹായിക്കാൻ തയ്യാറായി നിന്ന മി: പി. ജേക്കബ് കുര്യന്റെ പത്രാധിപത്യത്തിൽ മാവേലിക്കരെ നിന്നു പ്രസിദ്ധപ്പെടുത്തിവന്നിരുന്ന കേരളീയാഭിമാനി എഴുതിയ മുഖപ്രസംഗത്തിൽ ഒരു ഭാഗം ഏതാണ്ടു് ഇങ്ങനെയായിരുന്നു:—"മി: ചെറിയാന്റെ ഒരു തലമുടിനാരു വീഴിക്കുന്നതിനു് ആരെങ്കിലും ഇടയാക്കിയാൽ അതു് കേരള ക്രിസ്ത്യൻ സമുദായത്തിന്റെ മാറത്തു് ആയിരമായിരം കുന്തങ്ങൾ തറയ്ക്കുന്നതുപോലെ പരിഗണിക്കപ്പെടുന്നതായിരിക്കും"

കഴിഞ്ഞ മഹായുദ്ധ കാലത്തു സൈന്യശേഖരണം സംബന്ധിച്ചു മി: ചെറിയാൻ ചെയ്ത സേവനങ്ങളെ പരിഗണിച്ചു് അദ്ദേഹം റാവുസാഹിബ് എന്ന ബഹുമതിയാൽ സമ്മാനിതനായി. അന്നു പട്ടാള

ത്തിൽ ആളെട്ടുക്കുകയെന്നു കേട്ടാൽ ഇന്നത്തെപ്പോലെ ആളുകൾ ഓടിക്കൂടുകയല്ലായിരുന്നു പതിവ്. പട്ടാളവേഷം ധരിച്ചു ദീർഘകായനായ മി: ചെറിയാൻ ഓരോ കേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ, അവിടെ നിന്ന് ആളുകൾ ഭയന്ന് ഓടുമായിരുന്നുവെന്നു പറയുമ്പോൾ, ആ "ആളുപിടിയ"നെ ആളുകൾ എത്രയധികം ഭയപ്പെട്ടിരുന്നുവെന്നു വ്യക്തമാകുന്നതാണ്. റിക്രൂട്ടിംഗ് കാലഘട്ടത്തിൽ ഒ. എൻ. സി. വരുന്നുവെന്നു കേട്ടാൽ മനുഷ്യഭോജിയായ ഒരു രാക്ഷസൻ വരുന്നുവെന്നുള്ള പ്രതീതിയാണു സാമാന്യ ജനങ്ങൾക്കുണ്ടായിരുന്നത്. ഒരിക്കൽ ഒരു സ്റ്റേഷൻ പരിശോധിക്കുവാനായി ഒരു പുഞ്ചവരമ്പിൽ കൂടി അദ്ദേഹത്തിന് പോകേണ്ടതായി വന്നു. ആ ഗംഭീരന്റെ ആഗമനവാർത്ത കേട്ട് പരിഭ്രാന്തരായ കർഷകതൊഴിലാളികൾ വൈക്കോലിന്റെ അടിയിലും കററകൾക്കിടയിലും കയറി ഒളിച്ചുകളഞ്ഞു

വീട്ടിൽ നിന്നു പിതാവിന്റെ തല്ലുകൊണ്ട് പിണങ്ങി നടന്ന ഒരുവൻ മി: ചെറിയാന്റെ അടുത്തുചെന്ന് പട്ടാളത്തിൽ ചേന്നു. പിതാവിന്റെ ഏകപുത്രനായിരുന്നു ആ ചെറുപ്പക്കാരൻ. തന്റെകുലതന്തുവിനെ വിട്ടുകിട്ടുന്നതിന് പിതാവായ വൃദ്ധൻ മി: ചെറിയാനെ സമീപിച്ചു. അയാളുടെ കണ്ണുനീരും ദയനീയ ഭാവവും കണ്ട് മി: ചെറിയാന്റെ മനസ്സലിഞ്ഞു. എന്നാൽ റിക്രൂട്ടു ചെയ്തുകഴിഞ്ഞ ആ യുവാവിനെ തിരിച്ചയയ്ക്കുവാൻ സാദ്ധ്യമായിരുന്നില്ല. അടുത്ത ദിവസം റിക്രൂട്ടുകളെ അണി നിരത്തി നിറുത്തി പരിശോധന നടത്തിയ അവസരത്തിൽ, നമ്മുടെ "ഏ

ക സന്താന"മായ യുവാവിനെ മുന്നോട്ടു വലിച്ചു നീക്കി നിറുത്തി, മി: ചെറിയാൻ കൈയിലിരുന്ന പട്ടാളച്ചൂരൽ വടികൊണ്ട് കൊടുത്തു നാലഞ്ചു വീക്ക്. ശക്തിയേറിയ അടികൊണ്ട് പുളഞ്ഞ യുവാവ് വാവിട്ടു നിലവിളിച്ചുപോയി.

"ഛെ! ധൈര്യമില്ലാത്ത ശപ്പാവെ! നിന്നെ പട്ടാളത്തിലെന്തിനെടാ, ഫോ, നിൻെറ പാട്ടിന്. ചുണകെട്ട ശവങ്ങൾ" ഇങ്ങനെ ഗർജ്ജിച്ച് അദ്ദേഹം അവൻെറ കഴുത്തിനു പിടിച്ചു ശക്തിയായി തള്ളിയെറിഞ്ഞു. ദൂരെ നിന്നിരുന്ന അച്ഛൻ മകനെ കൂട്ടിക്കൊണ്ടുപോയി. മി. ചെറിയാൻ തന്നെ പറഞ്ഞിട്ടുള്ള കഥയാണിതു്.

ഒ. എം. ചെറിയാൻെറ ഗദ്യരീതി ഒന്നു പ്രത്യേകമായിരുന്നു. അതു വായിക്കുന്നതിനു ചില ഈണങ്ങളും തലയാട്ടും ആവശ്യമാണെന്ന് അദ്ദേഹം തന്നെ വിശ്വസിച്ചിരുന്നു. ചെറിയ ചെറിയ വാചകങ്ങൾ-ഒരു നിയമത്തെയും അടിസ്ഥാനമാക്കിയല്ലാത്ത വിധം അങ്കുശവും വരയും ഇട്ട്-അങ്ങനെ പെരുമ്പാമ്പു പോലെ ശൃംഖലയായി നീളുന്നു. ഹൈന്ദവധർമ്മസുധാകരം എന്ന ബൃഹത്തായ ഗ്രന്ഥപരമ്പര മാത്രം മതി ആ മഹാസാഹിത്യകാരൻെറ നാമധേയം മലയാളസാഹിത്യമുള്ള കാലത്തോളം സ്മരിക്കപ്പെടുവാൻ. ഫുൾസ്കാപ്പ് കടലാസ്സിൽ ആയിരത്തോളം പേജുകൾ വീതം വരുന്ന പതിനെട്ടിലധികം വാല്യങ്ങളാണ് പ്രസ്തുത ഗ്രന്ഥപരമ്പരയുടെ കൈയെഴുത്തുപ്രതിയിൽ ഉൾപ്പെടുന്നതു്. അതിൽ മൂന്നു വാല്യങ്ങൾ മാത്രമെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളു. മൂന്നാമത്തെ ഭാഗം കൊണ്ട് ഭാഗവതം അവസാനിക്കുന്നു. പ്രസ്തുത ഭാഗത്തിൻെറ മുഖ

വുരയിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നുണ്ട്:—

"ഈ പുസ്തക പരമ്പരയിൽ സൂൎയ്യവംശം, സോമവംശം, യദുവംശം, എന്നിവ ഇനിയും ശേഷിക്കുന്നു. ആ മൂന്നു പുസ്തകങ്ങൾ പതിനഞ്ചു വാല്യങ്ങളിലധികമായി പ്രസിദ്ധീകരിക്കപ്പെടേണ്ടതാണ്, പാണ്ഡവചരിത്രമായ ഭാരതം ഉൾപ്പെടുന്ന സോമവംശം മാത്രം എട്ടുപത്തു വാല്യങ്ങളോളം വരും. ഇനി അച്ചടിക്കേണ്ടതു കാലക്രമത്തിനു സൂൎയ്യവംശമത്രെ. എന്നാൽ എല്ലാ വാല്യങ്ങളും അച്ചടിച്ചു തീരുവാൻ വർഷം പലതു കടക്കേണ്ടിയിരിക്കുന്നു. ആയതിനാൽ അടുത്തതായി ഭാഗവതത്തിൽ ദശമവും ഏകാദശവും ഉൾപ്പെടുന്ന യദുവംശം ആകട്ടെ എന്നു ഞാൻ സന്ദേഹിക്കാറുണ്ട്- എന്നാൽ അടുത്ത വാല്യം ഏതായിരിക്കുമെന്നോ, എപ്പോൾ അടിക്കാമെന്നോ ഉറയ്ക്കുവാൻ എനിക്കു ധൈൎയ്യംവരുന്നില്ല...പുസ്തകത്തിൽഅംഗീകൃതമായിരിക്കുന്ന ഭാഷാരീതിലളിതമാണ്എന്നും—തത്വഭാഗങ്ങളെചെറിയവാക്യങ്ങളിൽ ലളിതപദങ്ങളെക്കൊണ്ട്വിവരിക്കുവാൻ പുസ്തകം നിഷ്കൎഷിച്ചിട്ടുണ്ട് എന്നും—കഴിഞ്ഞ വാല്യങ്ങൾ വായിച്ചിട്ടുള്ളവർ—ഇതിനകം നിശ്ശങ്കം അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെയിരിക്കെ പുസ്തകത്തെക്കുറിച്ച് കേട്ടുമാത്രമറിഞ്ഞിട്ടുള്ളവർ—പുസ്തകം കഠിനമായിരിക്കാമെന്നു ഭാവനയിൽ കണ്ടുകൊണ്ട്—കൎക്കശമാണ് എന്നു പ്രസ്താവിക്കുവാൻ, ഇടയാകുന്നത് പുസ്തകത്തിൻെറ പ്രചാരത്തിനു നിരൎത്ഥക വിഘാതമായിരിക്കും. അങ്ങനെയുള്ള പ്രസ്താവം ഈ പുസ്തക പരമ്പരയെക്കുറിച്ച് കേവലം അസംഗതം തന്നെ"

ഹൈന്ദവ ധർമ്മസുധാകരം പോലെ ക്രൈസ്തവ-മാഹമ്മദ- വേദചരിത്രങ്ങൾ എഴുതുവാൻ മി: ചെറിയാൻ ആഗ്രഹിച്ചിരുന്നു. അതിൽ ക്രൈസ്തവ ധർമ്മ നവനീതം എന്ന മഹാഗ്രന്ഥം എഴുതി കഴിഞ്ഞിട്ടുണ്ട് അതിന്റെ ഒന്നാം ഭാഗമായ ക്രൈസ്തവ ധർമ്മ സംസ്ഥാപനം മാത്രമെ പ്രസിദ്ധപ്പെടുത്തീട്ടുള്ളു. പ്രസ്തുത ഗ്രന്ഥത്തിൽ ഹേരോദേസിന്റെ പ്രണയനാടകങ്ങളും മററും എത്രയോ തന്മയത്വത്തോടെയാണു വിവരിച്ചിട്ടുള്ളതു്. ആ ഭാഗം വായിക്കുമ്പോൾ, നാം അതിന്റെ മധുരിമയിൽ മുങ്ങിപ്പോകുന്നു. മാഹമ്മദ ചരിത്രമെഴുതുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ക്രൈസ്തവധർമ്മ നവനീതം, ഏതാണ്ടു നൂറിൽ പരം ഗ്രന്ഥങ്ങൾ പരിശോധിച്ചശേഷം എഴുതിയിട്ടുള്ളതാണു് റോയൽ വലിപ്പത്തിൽ (ഈ പുസ്തകത്തിന്റെ ഏകദേശമിരട്ടിവലിപ്പമുള്ള കടലാസിൽ) സ്മാൾ പൈക്കാ അക്ഷരത്തിൽ അറുപത്തിനാലു പേജുകളുണ്ടു്, ക്രൈസ്തവ ധർമ്മ നവനീതത്തിന്റെ മുഖവുര. വിജ്ഞേയവും ചിന്താർഹവുമായ പ്രസ്തുത മുഖവുരയിൽ ആത്മകഥാകഥനരൂപത്തിൽ മി: ചെറിയാൻ ഇങ്ങനെ പറയുന്നു:-

"ക്രൈസ്തവ ധർമ്മ നവനീതം ഞാൻ ഉദ്ദേശിച്ചരീതിയിൽ—എഴുത്തിൽ എങ്കിലും—ഇവിടെ സംപൂർണ്ണമായി. അത്ര സംക്ഷിപ്തമല്ലാത്ത ഈ പുസ്തകപരമ്പരയുടെ അവസാന വരികൾ ഞാൻ ഏതാനും ആഴ്ചകൾക്കു മുൻപു് എഴുതിയതു്—വിവിധങ്ങളായ വികാരങ്ങൾക്കു വശഗതനായി അത്രെ. അനന്തവിപുലവും ചിന്താപരാജയപ്രദവും ആയ ദൃശ്യലോകത്തിലും അദൃശ്യലോകത്തിലും കാലവലയത്തിലും — ഒതുങ്ങാത്ത

ദൈവം! സൂചിക്കുഴയിലും കട്ടകുമണിയിലും വ്യാപാരം ചെയ്യുന്ന ദൈവം! മനുഷ്യനാകട്ടെ ഏതാനും ഉച്ശ്വാസനിശ്വാസങ്ങളാൽ നിയമിതനായി—പരിമിതനായി—ലഘുശലഭങ്ങളെപ്പോലെ, മുള്ളിൽ ഇറങ്ങിയും പൂനീരു കുടിച്ചും—ചിറകു മുറിഞ്ഞു, കുറവുകളാൽ നിറഞ്ഞു—അകത്തു മിന്നലും പുറത്തു തെന്നലും ഏറ്റ്—പേടിച്ചു—ഇരുനാഴി അരികൊണ്ടു ദിവസങ്ങളെ അളന്ന്—ആകാശങ്ങളുടെ കീഴിൽ പരവശനായി—മായിക്കപ്പെട്ട എഴുത്തു പോലെ, ആവിയിൽ അവസാനിക്കുന്നു. പഞ്ചസാരത്തരിയിൽ എറുമ്പു സർവ്വാത്മ സൌഖ്യം സമ്പാദിക്കുന്നു. മനുഷ്യൻ അല്പൻ! അടുത്തു നിൽക്കവേ അകലത്ത് ഇരിക്കുന്നവനും, പാതാളത്തിൽ തിരയപ്പെടുമ്പോൾ ആകാശത്തു വാണരുളുന്നവനും, കടലുകളുടെ അപ്പുറത്തു ഒളിക്കുന്നവനെ പാതിരാവിൽ വെട്ടത്തു നിറുത്തുന്നവനും—ആയി—ഒരളവിലും—ഒതുങ്ങാത്ത ദൈവത്തെ എങ്ങനെ പിടിക്കും? ഗിരി കാനന മൃഗ മനുഷ്യ വ്യവസായ സങ്കുലമായ ഭൂമിയും; തിമിസൂകര തിമിംഗല ഭയങ്കരമായ, സാഗരവും; സൂര്യ സോമ താരാ സമാകുലമായ ആകാശത്തു ഗോളകോടികളും ഉൾപ്പെടുന്ന വിശ്വാണ്ഡത്തെ വ്യാഖ്യാനിക്കുവാൻ പുൽക്കീടം എങ്ങനെ ഒരുങ്ങാം? ഞാൻ ഈ അല്പലോകത്തിൽ അജ്ഞൻ! ഈ അസാരലോകത്തിൽ സർവ്വരഹിതൻ! ക്രൈസ്തവം, ഹൈന്ദവം, മാഹമ്മദം എന്നീ മൂന്നു ധർമ്മപദ്ധതികളെ സാമാന്യം ഗ്രഹിക്കണമെന്നും—അവയെക്കുറിച്ച് എഴുതണമെന്നും—ചെറുപ്പം മുതൽക്കുതന്നെ— എങ്ങനെയോ, എന്തുകൊണ്ടോ,—ഞാൻ, ഗർവിച്ചിരുന്നു. ഏകദേ

ശം ഇരുപത്തഞ്ചു വയസ്സ മാത്രം പ്രായമായിരിക്കവെ ഞാൻ—പൌലൂസ് റോമന്മാൎക്ക് എഴുതിയിരിക്കുന്ന ലേഖനത്തിനു വ്യാഖ്യാനം എഴുതി, മാസികയിൽ ക്രമശഃ പ്രസിദ്ധം ചെയ്യുവാൻ ഉത്സാഹിച്ചിരുന്നു. എന്നാൽ രണ്ടുമൂന്ന് അധ്യായങ്ങൾക്കു വ്യാഖ്യാനം എഴുതിയശേഷം ഞാൻ—വിഷയം ഗ്രഹിക്കുവാൻ അശക്തനാണ് എന്നും—വിഷയം ഗ്രഹിക്കാത്ത പൌലൂസ്, പുസ്തകം യുക്തിഹീനമായി എഴുതുകയാണ് എന്ന് എനിക്കുണ്ടായ ഭ്രമം എൻെറ ശക്തിഹീനതയുടെ ലക്ഷ്യമാണ് എന്നും—പരാജയം സമ്മതിച്ചു പേന താഴത്തു വെയ്ക്കുകയാണ്, ചെയ്തത്. അക്കാലത്തു തന്നെ—ഞാൻ ക്രിസ്തുവിന് ഉണ്ടായ മൂന്നു പരീക്ഷണങ്ങളെക്കുറിച്ചും—ഒരു പ്രബന്ധം എഴുതുകയുണ്ടായി. പത്തഞ്ഞൂറു പുറങ്ങളോളം വലിപ്പം ഉണ്ടായിരുന്ന ആ കടലാസുകെട്ട് എങ്ങനെയൊ നഷ്ടമായി. എന്നാൽ അല്പമായ മനഃക്ലേശം എനിക്ക്—അന്ന് ഉണ്ടായി. എന്നല്ലാതെ—ആ നഷ്ടം നിമിത്തം ലോകത്തിനോ എനിക്കോ ഏതെങ്കിലും നഷ്ടമുണ്ടായി എന്ന്—എനിക്ക് ഇന്നു വിചാരമില്ല. വൎഷം പലതു കടന്നു. ഞാൻ വയർത്തീച്ചൂട്ട കെടാതിരിക്കുവാനായി—പാഠശാലാ കാനന പരാക്രമം കാണിച്ചു്—ഏതാനും വൎഷങ്ങളിൽ, വിറകു സമ്പാദിച്ചു. എന്നാൽ ആ വൎഷങ്ങളിൽ ഒക്കെയും ക്രൈസ്തവ ഹൈന്ദവ മാഹാത്മ്യ വ്യാഖ്യാനവിഭ്രമം എന്നെ വിട്ടുപിരിയാതെ നിൽക്കുകയാണ്. സംഗതികളുടെ സംഘട്ടനം നിമിത്തം—ഹൈന്ദവ ധൎമ്മ സുധാകരം എഴുതുവാനാണ്, സന്ദർഭം ഒന്നാമതു വന്നുചേൎന്നതു്.

ക്രൈസ്തവധർമ്മം സംബന്ധിച്ച് വിപുലമായ സാഹിത്യമണ്ഡലം എഴുതപ്പെട്ടിരിക്കുന്ന എബ്രായ, ഗ്രീക്ക്, സുറിയാനി എന്ന ഭാഷകളുടെ, അക്ഷര മാല തന്നെയും ഞാൻ ഗ്രഹിച്ചവനല്ല. ഏതാനും ഇംഗ്ലീഷ് പുസ്തകങ്ങൾ മാത്രമാണ് എനിക്ക് പ്രമാണമായി നിന്നിട്ടുള്ളത്. പൌരസ്ത്യം, പാശ്ചാത്യം എന്ന ക്രൈസ്തവ സഭാ മഹാവിഭാഗങ്ങളിൽ—പൌരസ്ത്യസഭയെ സംബന്ധിച്ച ഉപരിഗ്രന്ഥങ്ങളിൽ അനേകം—ഇംഗ്ലീഷിലേക്കു തർജ്ജമ ഇന്നും ആയിട്ടില്ല. തർജ്ജമ ആയിട്ടുള്ളവയിൽ തന്നെയും എത്രയോ പുസ്തകങ്ങൾ നോക്കുവാൻ എനിക്കു സൌകര്യം ലഭിച്ചിട്ടില്ല. എന്റെ കൈവശം വന്ന പുസ്തകങ്ങളെ—ഞാൻ കൂലംകഷമായി പരിശോധിച്ച്, ഉത്തമ വിശ്വാസപൂർവ്വകവും എഴുതിയിട്ടുണ്ട്—എന്നുമാത്രം എനിക്കു മനഃശാന്തി ഉണ്ട്. ക്രൈസ്തവധർമ്മ നവനീതം ഇങ്ങനെ പൂർണ്ണമായതിനെക്കുറിച്ചു ഞാൻ തൃപ്തനാകുന്നു. മാഹമ്മദ പുസ്തകം എഴുതുവാൻ വൃദ്ധനായ ഞാൻ ഉത്സാഹിക്കുന്നില്ല. ഒരു അസാരന്റെ സാരമായ ആയുരാശയാണ്—ഈ നവനീതനിർമ്മാണം നിമിത്തം പൂർണ്ണമാകുന്നതു് എന്ന ആശയം- ആയുസ്സിനെ ഗൌരവപൂർവ്വകം വീക്ഷിക്കുന്നവരിൽ—ചിലർക്ക് എങ്കിലും—രോമാഞ്ചഹേതുകമായിരിക്കും എന്നു ഞാൻ കരുതുന്നു.

ധർമ്മശാസ്ത്രം സംബന്ധിച്ചു മലയാളഭാഷയിൽ പ്രഥമ സോപാനമായി എങ്കിലും ഈ പുസ്തക പരമ്പര—അച്ചടിക്കപ്പെട്ടുമെങ്കിൽ—ഉപയോഗപ്പെട്ടുമെന്ന് ഞാൻ ശരണപ്പെടുന്നു. ഈ പുസ്തക പരമ്പരയിൽ— വിദ്വാന്മാരുടെയും സുന്നഹദോസുകളുടെ ത

ന്നെയും അഭിപ്രായങ്ങളെ എതിക്കുന്ന സൂചനങ്ങൾ-അങ്ങിങ്ങ് ഉണ്ടായിരിക്കും. ആ സന്ദർഭങ്ങളിൽ ഒക്കെയും അജ്ഞനും അല്പനും അസാരനും ആയ ഞാൻ-കൈയിൽ എടുത്തിരുന്ന പേനകൊണ്ടു മഷിപ്രയോഗം ചെയ്യുവാൻ പേടിച്ചിട്ടുണ്ട്-എന്നു ഞാൻ തുറന്നു പറഞ്ഞുകൊള്ളുന്നു. തല്ലുന്ന തള്ള കഠിനയാണ് എന്ന്, അറിവില്ലാത്ത കുട്ടി വിധിച്ചു കളയാം. അമ്മയായ പ്രേമപ്രാണാത്മകയുടെ സിരാവ്യാപാരങ്ങളെക്കുറിച്ചോ മകനെക്കുറിച്ചുള്ള പരമ കാംക്ഷാ നിരന്തര വ്യഗ്രതയെക്കുറിച്ചോ—കോഴികണ്ണും തുറക്കാത്ത ആ മല മൂത്ര മാംസാസ്ഥി പിണ്ഡം—മകൻ—എന്തു കണ്ടു? പണ്ഡിതന്മാരും വേദപാരംഗതന്മാരും—ഉള്ളിൽ ഒതുക്കിയ അർത്ഥങ്ങളെ, സ്വീകരിച്ച പദ്ധതികളെ, നിർദ്ദേശിച്ച ലക്ഷ്യങ്ങളെ—ആർ ഗ്രഹിക്കും? അവയിൽ പിശക കാണുന്ന വിദ്വമ്മന്യൻ—തല്ലുന്ന തള്ളയിൽ ക്രൌര്യം കാണുന്ന ശിശുവിനെ അപേക്ഷിച്ച്—അല്പതരൻ ആവാം. ക്രൈസ്തവധർമ്മം ആകട്ടെ—ദൈവവും മനുഷ്യനും ഏകാത്മകമായി വർത്തിച്ച ജീവനാവഹകമായ ഉറവയിൽ നിന്ന് ഒഴുകി ഇറങ്ങുന്ന—സനാതനമായ നദിയാണ്."

വർണ്ണനകലാകുശലനായ മി: ചെറിയാന് ഓരോ രസം വർണ്ണിക്കുമ്പോഴും അതിനു അനുയോജ്യമായ ഭാഷാശൈലി പ്രയോഗിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. ഗള്ളിവറിന്റെ സഞ്ചാരകഥകൾ, മനസ്സിന്റെ മാനദണ്ഡം, സാഹിത്യവിഹാരം, ബാലാലാപം കാലന്റെ കൊലയറ, മശിഹാ ഭക്തി ലഹരി, മുതലായവയാണ് അദ്ദേഹത്തിന്റെ മററു ചില ഗ്രന്ഥങ്ങൾ.

മശിഹാ ഭക്തിലഹരിയിലെ പല ഭാഗങ്ങളും എന്റെ നിർബന്ധം കൊണ്ടു ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പിന്നീടാണ് അതു് ഗ്രന്ഥരൂപത്തിലാക്കിയതു്. മി: ചെറിയാൻ മലങ്കര സുറിയാനി സമുദായക്കേസിൽ ഒരു സാക്ഷിയായി വിസ്തരിക്കപ്പെടുന്നതിനു കോട്ടയം എം. ഡി. സിമ്മനാരിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോഴും, അനന്തരം പൌരപ്രഭയുടെ സാഹിത്യ നായകസ്ഥാനം വഹിച്ചിരുന്നപ്പോഴും പല സന്ദർഭങ്ങളിലും എന്റെ വസതിയിൽ വരുക പതിവായിരുന്നു. ആ സന്ദർഭങ്ങളിൽ മശിഹാ ഭക്തി ലഹരിയിലെ പല ഭാഗങ്ങളും സ്വതസ്സിദ്ധമായ വാഗ്‌വിലാസത്തോടെ തലയിളക്കി അദ്ദേഹം എന്നെ വായിച്ചു കേൾപ്പിക്കും. ആ കവിതയിൽ എപ്പോഴും അദ്ദേഹം അറിയാത്ത ഒരു പിശകു പററിപ്പോകാറുണ്ടായിരുന്നു. ഗാഥാവൃത്തത്തിനു ആദ്യത്തെ വരിയിൽ 12 അക്ഷരങ്ങളും രണ്ടാമത്തേതിൽ പത്തക്ഷരങ്ങളുമാണല്ലോ വേണ്ടതു്. എന്നാൽ മി: ചെറിയാൻ ആദ്യത്തെ വരിയിൽ പതിമ്മൂന്നക്ഷരങ്ങൾ ചിലപ്പോൾ എഴുതിയിരുന്നു. അതു് വായിച്ചു കേൾപ്പിക്കുമ്പോൾ വായനയുടെ പ്രത്യേകതകൊണ്ടു് യതിഭംഗമോ വൃത്തഭംഗമോ ഉണ്ടെന്നു കേൾക്കുന്നവർക്കു തോന്നുമായിരുന്നില്ല. എന്നാൽ പ്രസിദ്ധീകരണത്തിനായി അതു വായിച്ചശേഷം, ഈ പിശകിനെപ്പററി ഞാൻ പറയുമ്പോൾ അദ്ദേഹം വലിയ ഒച്ചയെടുത്തു ചിരിക്കും. ഒരു ഒററ ഇരുപ്പിലിരുന്നു് അഞ്ഞൂറും അറുനൂറും വരി കവിതയെഴുതുവാൻ അദ്ദേഹത്തിന് ഒരു പ്രയാസവും തോന്നിയിരുന്നില്ല. ആ

എഴുത്തിനിടയിൽ ഒന്നല്ല രണ്ടുമൂന്നക്ഷരങ്ങളില്ലാതെ വരുന്നതൊരു അത്ഭുതമല്ല. അദ്ദേഹത്തിൻെറ കവിത കുലസ്ത്രീയെപ്പോലെ അടങ്ങിയൊതുങ്ങി ഒഴുകുന്ന ഒരു തെളിനീർപ്പുഴയല്ലായിരുന്നു. ചിലപ്പോൾ ആ കവിതാനദി തൻെറടത്തോടുകൂടിപ്പായും. ചിലപ്പോൾ മണൽത്തിട്ടകളിൽ ഓളം തല്ലിക്കുഴങ്ങും. ലളിതസുന്ദരപദാവലികൾക്കിടയിൽഒരു ഖരാക്ഷരം അദ്ദേഹം എവിടെ നിന്നെങ്കിലും തപ്പിയെടുത്തുവയ്ക്കും. അഥവാ ആ കഠിന പദങ്ങൾ സ്വയം വലിഞ്ഞു കയറുന്നതാകാനും മതി. ഒററ ശ്ലോകങ്ങളിലാണ് ഈ കുഴപ്പം അധികവും കാണുന്നതു്. ഒരു മംഗളശ്ലോകം വേണമെന്നാവശ്യപ്പെട്ടാൽ ഉടൻകാർഡെടുത്തു് അങ്ങെഴുതുകയായി. അടുത്ത നിമിഷത്തിൽ മേൽവിലാസമെഴുതി അഞ്ചലിൽ കൊടുത്തയയ്ക്കുകയായി.

അടുത്ത കാലത്തു കടലാസ്സിൻെറ വില വളരെ വർദ്ധിക്കുകയുണ്ടായല്ലോ. മുൻപിലത്തെ വിലയുംഇപ്പോഴത്തെ വിലയും തമ്മിലുള്ള അന്തരം കണ്ടു് അദ്ദേഹം ഒരിക്കൽ എന്നോടു പറഞ്ഞു—"കടലാസിൻെറ മുൻപിലത്തെ വില ഇത്ര നിസ്സാരമാണെന്നറിഞ്ഞിരുന്നെങ്കിൽ, തകരപ്പണിക്കാരൻ മണ്ണെണ്ണവിളക്കുകൾ നിർമ്മിക്കുന്നതുപോലെ ഞാൻ തെരുതെരെ പുസ്തകങ്ങൾ ഇറക്കുമായിരുന്നു."

ഹൈന്ദവധർമ്മസുധാകരം മുഴുവൻ അച്ചടിച്ചു കണ്ടാൽ കൊള്ളാമെന്നു മി: ചെറിയാൻ അത്യധികം ആഗ്രഹിച്ചിരുന്നുവെങ്കിലും അതു സാധിച്ചില്ല. അതിൻെറ പ്രസിദ്ധീകരണത്തിൽ മി: ചെറിയാൻെറ ഏക പുത്രനായ മി: ഒ. സി. മാത്യൂ ബി. എ. ബി.

എൽ. വൈമുഖ്യം കാണിക്കുകയില്ലെന്ന് ന്യായമായി വിശ്വസിക്കാവുന്നതാണ്.

കോട്ടയത്തു വച്ചു നടന്ന പന്ത്രണ്ടാമത്തു സാഹിത്യ പരിഷൽ സമ്മേളനത്തിൽ മി: ചെറിയാനെ അദ്ധ്യക്ഷനാക്കണമെന്ന് മി: ഈ. വി. കൃഷ്ണപിള്ള ആഗ്രഹിച്ചതായി, ഈയിടെ ഈ. വി.. സ്മരണകളെന്നു പറഞ്ഞു പ്രസിദ്ധപ്പെടുത്തിവരുന്ന ഒരു ലേഖന പരമ്പരയിൽ,. (1120 മീനം 10-ാംനു-യിലെ പൗരപ്രഭ) പ്രസ്താവിച്ചു കണ്ടു. അതു ശരിയല്ലെന്ന് എനിക്കു ധൈര്യമായി പറയുവാൻ കഴിയും. നേരേമറിച്ച് ഒ. എം. ചെറിയാനെ അദ്ധ്യക്ഷനാക്കുന്നതിനെ ഈ. വി. എതിർക്കുകയാണു ചെയ്തിട്ടുള്ളതു്. കൊല്ലത്തു വച്ചു നടന്ന സാഹിത്യപരിഷത്തിൽ ഇ. വി. കൃഷ്ണപിള്ളയായിരുന്നല്ലോ സെക്രട്ടറി. അന്ന് ഒ. എം. സി. യുടെ കാര്യം മററു പലരും നിർദ്ദേശിച്ചുവെങ്കിലും എന്തോ വ്യക്തിപരമായ കാരണത്താൽ ഈ. വി. എതിർക്കുകയാണു ചെയ്തിരുന്നതു്. ഈ. വി. യെ എനിയ്ക്കു് അടുത്തറിയാമായിരുന്നതുകൊണ്ടും ഞാൻ കോട്ടയം പരിഷത്തിൻെറ പ്രസിദ്ധീകരണോദ്യോഗസ്ഥനായിരുന്നതുകൊണ്ടുമാണ് ഈ വസ്തുത സധൈര്യം പ്രസ്താവിക്കുവാൻ കഴിയുന്നതു്. മി: ചെറിയാൻ കോട്ടയം പരിഷത്തിൽ അദ്ധ്യക്ഷത വഹിച്ചില്ല. ചില സുഹൃജ്ജനങ്ങളുടെ നിർബന്ധപൂർവ്വമായ താല്പര്യം മൂലം അദ്ദേഹം പരിഷൽ സമ്മേളനങ്ങളിൽ സഹകരിച്ചുവെന്നേയുള്ളു. ം.

മലങ്കരയിൽ കാതോലിക്കാ സ്ഥാപനം സ്ഥിരപ്രതിഷ്ഠിതമാക്കുന്നതിന് മി: ചെറിയാൻ വളരെ

ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്തിരുന്നു. ഈ ഭാഗം എഴുതുമ്പോൾ രസകരമായ ഒരു സംഭവം സ്മരണയിൽ വരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് (മഞ്ഞിനിക്കരെ കാലം ചെയ്ത പുണ്യശ്ലോകൻ) കുറുപ്പുംപടി പള്ളിയിലെഴുന്നള്ളിയിരുന്നു. സഭാ ഭിന്നതകൾ അവസാനിപ്പിക്കുന്നതു സംബന്ധിച്ചു തിരുമനസ്സിലെ സന്നിധിയിൽ നിവേദനം ചെയ്യുവാനായി മി: ചെറിയാൻ ഉൾപ്പെടെ പല പ്രമാണികളും അവിടെയെത്തി. പള്ളിയിൽ വച്ച് തൽസംബന്ധമായി ഒരു യോഗം നടന്നു. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഇരുന്നുകൊണ്ടാണ് പ്രസംഗിച്ചത്. മുൻനിരയിൽ ഇരുന്നിരുന്ന മി: ചെറിയാൻ, ഒരു യുവാവിന്റെ ഊർജ്ജസ്വലതയോടെ എഴുന്നേററു. ഒരു കറുത്ത കോട്ടും, അതിന്റെ പുറത്തു പുളിയിലക്കരയൻ നേര്യതും ധരിച്ച ആ ദീർഘകായൻ രംഗത്തിൽ തെല്ലിട നെട്ടായം കൊണ്ടു നിന്നു. അനന്തരം നേര്യത് അരയിൽ കെട്ടി "തിരുമേനി സങ്കടമുണ്ട്" എന്നു നിലവിളിച്ചുകൊണ്ട്, നിലം പരിചായി വീണു ബാവാ തിരുമനസ്സിലെ പാദങ്ങളിൽ ഭക്തിപൂർവ്വം സ്പർശിക്കുവാൻ ശ്രമിച്ചു. ബാവാ തിരുമേനി അപ്രതീക്ഷിതമായ ഈ സംഭവം നിമിത്തം കാര്യം മനസ്സിലാകാതെ തെല്ലൊന്നു ഭയന്നു മദ്ബഹായുടെ അകത്തേക്കു പൊയ്ക്കളഞ്ഞു. ബാവായ്ക്കു മലയാളം അറിഞ്ഞുകൂടാതിരുന്നതു വലിയ കുഴപ്പത്തിനു കാരണമായി.

സമുദായക്കേസിൽ മി: ചെറിയാനും ഒരുസാക്ഷിയായിരുന്നുവെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. കേസി

ൻെറജഡ്ജ്മെൻറിൽ മി: ചെറിയാനെപ്പററി എന്തോ മോശമായ നിലയിൽ പ്രസ്താവിച്ചിട്ടുണ്ടെന്ന് കോടതിയിൽ വച്ചു ജഡ്ജിമെൻറു കേട്ട ഒരാൾ എന്നോടു പറഞ്ഞു. അന്നു വൈകിട്ട്, സമുദായക്കേസ്സ് സ്പെഷ്യൽ ജഡ്ജിയായ മി: ബി. കൃഷ്ണയ്യരെ അദ്ദേഹത്തിൻെറ വസതിയിൽ വച്ചു കാര്യവശാൽ സന്ദർശിച്ചപ്പോൾ, ഈ വസ്തുത ഞാൻ അന്വേഷിച്ചു. മി: കൃഷ്ണയ്യർ ഹൃദയാലുവായിരുന്നു. അദ്ദേഹം എൻെറ ചോദ്യത്തിൽ അത്ഭുതം പ്രകടിപ്പിച്ചു. മി: ചെറിയാൻ തൻെറ ഗുരുവാണെന്നും, അദ്ദേഹത്തെപ്പററി ജഡ്ജ്മെൻറിൽ എന്താണു പറഞ്ഞിരിക്കുന്നതെന്നു കാണാമല്ലോ എന്നും പറഞ്ഞ് അദ്ദേഹം ആ ഭാഗം വായിച്ചു കേൾപ്പിച്ചു. മി: ചെറിയാനെപ്പററി പ്രശംസാപരമായ അഭിപ്രായമാണ് എഴുതിയിരുന്നത്.

ശിഷ്യൻ ജഡ്ജിയും, ഗുരു സാക്ഷിയുമായി വന്നതിനെയും, കോടതിയിലെ രീതികൾ മി: ചെറിയാനു നിശ്ചയമില്ലെന്നു പറഞ്ഞതിനെയും, അദ്ദേഹം സംസ്കൃത നിർഭരമായ സാഹിത്യത്തിൽ മൊഴി കൊടുത്തതിനെയും. മററും പററി മി: കൃഷ്ണയ്യർ തുടർന്നു പ്രസ്താവിക്കുകയുണ്ടായി.

കാതോലിക്കാ ദിനം, കാതോലിക്കാ നിധിശേഖരണം എന്നീ സമുദായ പുരോഗമന പ്രസ്ഥാനപരമായ സംരംഭങ്ങളിൽ മി: ചെറിയാൻ ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങൾ, സമുദായത്തിന് ഒരു കാലത്തും മറക്കാവുന്നതല്ല. അറുപത്തെട്ടാം വയസ്സുകാലത്തും ഒരു പതിനാറു വയസ്സുള്ള ബാലൻെറ ഉത്സാഹവും ചുറുചുറുക്കും... ലിതവും സംസാരവുമാണ് അദ്ദേഹത്തിനുണ്ടായിരുന്ന

ത്ത്. "കാത്തോലിക്കാനിധി" എന്ന പേരിൽ ഓർത്ത ഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിപുലമായ ഗ്രന്ഥത്തി ൻെറ സംയോജകൻ മി: ചെറിയാനായിരുന്നു. ആലു വായിൽ വച്ചു നടന്ന സഭാസമാധാനാലോചനയിൽ അദ്ദേഹം സജീവമായ ഭാഗഭാഗിത്വം വഹിച്ചിരുന്നു.

ഇന്നു ശാഖോപശാഖകളായി പടൎന്നു വളൎന്നി ട്ടുള്ള ചെറുകഥാ പ്രസ്ഥാന വൃക്ഷത്തിനു ബീജാവാ പം ചെയ്തതു് മി: ചെറിയാനായിരുന്നുവെന്നു അധി കമാളുകൾക്കറിഞ്ഞുകൂടാ. "ദ്വിജേന്ദ്രലാലൻ എനി ക്ക് അയച്ച കത്ത്" എന്നതാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥയെന്നു പറയപ്പെടുന്നു. മി: ചെ റിയാൻ അതു ഭാഷാപോഷിണിയിലാണു പ്രസിദ്ധ പ്പെടുത്തിയതു്. മററു പലൎക്കുമെന്നതുപോലെ മി: ചെറിയാനും സാഹിത്യവിഷയകമായി പ്രോത്സാഹ നവും പ്രേരണയും നല്കിയതു് മഹാനായ സാക്ഷാൽ കണ്ടത്തിൽ വൎഗീസു മാപ്പിള അവർകളാണ്. ഒ. എം. ചെറിയാൻ മാപ്പിള എന്നു് "മാപ്പിള" സ്ഥാനത്തോടുകൂടിയാണ് വൎഗീസ് മാപ്പിള അവർക ൾ മി: ചെറിയാൻെറ പേർ മനോരമയിലും ഭാഷാ പോഷിണിയിലും പ്രസിദ്ധപ്പെടുത്തിവന്നതു്. കട്ടക്ക യത്തിൽ ചെറിയാൻ മാപ്പിള, കരുന്തോട്ടത്തു ചെറി യാൻ മാപ്പിള, വി. കെ. ജോസഫ് മാപ്പിള, കെ. സി. മാമ്മൻ മാപ്പിള, മുതലായ "മാപ്പിളമാർ" അങ്ങനെ രംഗപ്രവേശം ചെയ്തവരാണ്. ഇവരിൽ നമ്മുടെ കഥാപുരുഷൻ ഗവമ്മെൻറുദ്യോഗത്തിൽ പ്രവേശി ച്ചപ്പോൾ എന്തുകൊണ്ടോ "മാപ്പിള" സ്ഥാനം ഉപേ ക്ഷിച്ചുകളഞ്ഞു.

മി: ചെറിയാൻ തന്റെ ഉദ്ദ്യോഗപ്രഭാവ കാലത്തു് വലിയ കടുവാ തന്നെ ആയിരുന്നു. ഉഗ്രശാസകനം ആജ്ഞാശക്തനമായ ഒരു മനുഷ്യവ്യാഘ്രം. എന്നാൽ പെൻഷൻ പററിയതിനോടുകൂടി അദ്ദേഹം ഒരു കുഞ്ഞാടു പോലെ പരമശാന്തനായിത്തീൎന്നു. മി: ചെറിയാന്റെ കൈയെഴുത്തു് വളരെ വിചിത്രമായ ഒന്നായിരുന്നു. അതു സാമാന്യക്കാൎക്കു് വായിക്കാൻ സുകരമായിരുന്നില്ല. ഒരു 24 വൃത്തത്തിനു് ഒരു പ്രസ്സിലേക്കു് അദ്ദേഹം അയച്ച കത്തു 24 റാത്തൽ അക്ഷമെന്നു വായിച്ചതായും, ഏതിനം അക്ഷരമാണു്? അതെങ്ങനെ അയയ്ക്കണം? എന്നു പ്രസ്സുകാർ എഴുതിച്ചോദിച്ചതായും അറിയാം.

ക്രൈസ്തവസമുദായപരമായ ഒരു ആഖ്യായികപരിഷ്ക്കാരപ്പാതി—എഴുതി പ്രസിദ്ധനായ കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കിരി അവർകളായിരുന്നു മി: ചെറിയാന്റെ ശപത്തുരൻ! അദ്ദേഹത്തിൽ നിന്നും സ്ത്രീപുരുഷന്ന സാഹിതി സേവനങ്ങൾക്കു മതിയായ പ്രേരണ ലഭിച്ചിരുന്നു. എപ്പോർപ്പെട്ടു, മനുഷ്യന്മാർ, സൎപ്പന്മാർ എന്നൊക്കെ എഴുതുന്നതിൽ മി: ചെറിയാനു് ഒരു ക്ലേശവുമുണ്ടായിരുന്നില്ല.

കോട്ടയത്തിനടുത്ത പുതുപ്പള്ളി ഒററപ്ലാക്കൽ കുടുംബാംഗമായ റാവുസാഹിബ് ഒ. എം. ചെറിയാൻ! അദ്ദേഹം സാഹിത്യ-സമുദായത്തറവാട്ടിലെ ഒരു കാരണവരായിരുന്നു. അദ്ദേഹത്തിന്റെ ഏററവും ഒടുവിൽ പ്രസിദ്ധപ്പെടുത്തിയ മശിഹാഭക്തി ലഹരി എന്ന ഗ്രന്ഥത്തിൽ "ആത്മഗീതി" എന്ന പേരിൽ ഒരു ഖണ്ഡകാവ്യം അനുബന്ധമായിച്ചേൎത്തിട്ടുണ്ടു്. അ

തിലെ ഏതാനും കവിതകൾ പശ്ചാത്താപരമായ ഒരു ആത്മപരിശോധനയാണ്. വാതരോഗം മൂലം 1119 മകരം 19-ാം തീയതി പ്രപഞ്ചത്തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞ ആ മഹാന്റെ അന്ത്യകൃതിയിൽ നിന്നു ചില പദ്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ വിവരണം ഉപസംഹരിച്ചുകൊള്ളട്ടെ.

"ദിക്കെല്ലാം പാഠശാലാഭരണമണിയുവാൻ
 ത്രാണിപാഴിൽ കളഞ്ഞേൻ
മുഷ്കാലധ്യാപകന്മാർ പലരിലുമധികം
 ചണ്ഡദണ്ഡം വിധിച്ചേൻ,
അഞ്ചിഞ്ചായോട്ടിയേൻ, എങ്കിലുമൊരുവകയും
 തെല്ലഭ്യസിച്ചില്ല, കഷ്ടം!
ഗംഗാമീനം കണക്കേ, കടലലയതിലായ്
 പോവുമോ പാവമാം ഞാൻ.

ഒട്ടേറെബ്ബുക്കെട്ടെത്തിട്ടതിനകമെഴുതി
 കണ്ടെത്തുൽക്കണ്ഠകൂടി
കണ്ടേത്തോളം പഠിച്ചെങ്കിലുമതിലണുവും
 ഞാൻ ഗ്രഹിച്ചില്ലിതോളം.
വണ്ണം ചേരും നിഘണ്ടുപാഠപ്രായനിവിടെയിരി
 ക്കുന്നുവാഗർത്ഥഭാണ്ഡം.
പൊണ്ണത്തം പൂണ്ടിട്ടുണ്ടിവനു,മിരുവരും
 മന്ദരാമൊന്നുപോലെ.

ബാല്യേവിദ്യാവിരോധം, പുരുഷവയസിസത്-
 കർമ്മനിഷ്ഠാനിരോധം,
വാർദ്ധക്യത്തിങ്കൽ സർക്കാർപണമപഹരണം
 പെൻഷനാം ദൂഷണത്തിൽ
ധർമ്മഭ്രംശത്തിലാകൽക്കരുത-ഇവനെയൊ-
 ന്നാമനെന്നായ് ഗണിക്ക-

നമ്മമാംപാപാന്ധകൻ തോല്ക്കണ-മതിന്നു
വിധി,ക്കാമെനിക്കാത്മസൗഖ്യം
കണ്ണും കാതും തഥാമദ് രസനഫലകവും
നാസികാസ്പൎശപീഠം
തുണ്ണംതുണ്ണം ക്ഷയിക്കുന്നനുദിനമതറി-
ഞ്ഞാംസദാഞാനിരിപ്പൂ.
എന്നാലെന്തെങ്ങനിയ്യൂന്നിരവുപകൽ തിര-
ക്കം കട്ടുക്കുന്നുമുണ്ടീ-
ത്തോന്ന്യാസം-കാമനെന്തിങ്ങനെദിനകരനേ
പ്രാൎത്ഥനം-വ്യൎത്ഥനാം ഞാൻ.
മെയ്യോ പോയീ നടപ്പാൻ കഴിവുനഹി,
കടിപ്പാൻ മട്ടപ്പായി, പിന്നെ-
വയ്യാതായീതിരിച്ചുപ്പകലിരവറിവാൻ
കാതുകേളാതെയായി.
വായിൽ ച്ചീനീരൊഴുക്കായ്, തരികമമവരം
വിക്രയൻ വൃദ്ധനായോൻ
മായാലോകം വിലോപിപ്പതറികയറികെ
ക്രിസ്തു! ഞാൻ ബുദ്ധനാവാൻ,
പ്രാൎത്ഥിക്കൊല്ലൊന്നുപോലുംപിഴപറയുമതിൽ
പ്പാടവം പൂണ്ടവൻ ഞാൻ
ക്രിസ്തു,തപനേത്രകോണത്തിനുടയ കഴിവിൽ
തീൎന്നുപോമെന്നപായം
ചാരുശ്രീസോളമാന്ന്യൻ നൃപന്മെളിമയിൽ
പ്പെട്ടുപോംമട്ടിലാരച്ചർ-
ത്താരും കേറിത്തിമിക്കുന്നിതു തവകൃപയിൻ
ബിന്ദുവാമൊന്നിനാലേ.

# രാജശ്രീ. ഏ. എം. വക്കി.

വക്കീൽവൃത്തി തുടൎന്നിരുന്നുവെങ്കിൽ, അഭിഭാഷകമണ്ഡലത്തിൽ ആ നക്ഷത്രം എത്രമാത്രം മിന്നിത്തിളങ്ങുമായിരുന്നു? നീതിന്യായ വകുപ്പിൽ ഉദ്യോഗം സമ്പാദിച്ചിരുന്നുവെങ്കിൽ ഹൈക്കോടതിയിൽ കയറുമായിരുന്നുവോ? ഈ ചോദ്യങ്ങൾ മി: ഏ. എം. വക്കി എം. ഏ. ബി. എൽ-നെ സംബന്ധിച്ച് എഴുതുവാൻ തുടങ്ങുമ്പോൾ ഞാൻ എന്നോടു തന്നെ ചോദിക്കുകയുണ്ടായി. അതിൻെറ ഉത്തരം ഇവിടെ രേഖപ്പെടുത്തേണ്ടയാവശ്യമില്ല. ബുദ്ധിയും മേധാശക്തിയും ഇത്രമാത്രം ഒത്തിണങ്ങിയിരുന്ന വ്യക്തികൾ നമ്മുടെ ഇടയിൽ അധികം ഉണ്ടായിട്ടില്ല. മി: വക്കി സ്വജീവിതം, താൻ ഉൾപ്പെട്ടു നില്ക്കുന്ന ഓൎത്തഡോക്സ് സുറിയാനിസഭയുടെ ഉൽക്കൎഷത്തിനു വേണ്ടിയാണു സമൎപ്പിച്ചിരുന്നതു്. പരമവിനീതവും നിസ്വാൎത്ഥവും ത്യാഗപൂൎണ്ണവുമായ ഒരു സമൎപ്പണമായിരുന്നു അതു്. ധനതൃഷ്ണ അദ്ദേഹത്തെ സ്പൎശിച്ചിരുന്നില്ല. സൎക്കാരുദ്യോഗം അദ്ദേഹത്തെ ആകൎഷിച്ചിരുന്നുമില്ല!

കേവലം ഇരുപത്തൊൻപതാമത്തെ വയസ്സിൽ ഒരു ഒന്നാം ഗ്രേഡ് കോളജിൻെറ പ്രിൻസിപ്പാളാകുവാൻ ഭാഗ്യമുണ്ടായ മി: ഏ. എം. വക്കി അസാമാന്യ വ്യക്തിവിലാസത്തോടു കൂടിയ ഒരു മഹാനായിരുന്നു. ആരോഗ്യവും യൗവനവും കൂടി അദ്ദേഹത്തിൻെറ ശരീരത്തിൽ മത്സരം നടത്തി. പാണ്ഡിത്യവും കലാവബോധവും അദ്ധ്യാപനപാടവും, കൎമ്മകുശലതയും, ക

ത്വവ്യനിഷ്ഠയും, സമുദായസ്നേഹവും, ചിന്താശക്തിയും അദ്ദേഹത്തിൻെറ ഉൾക്കളത്തിൽ ഓളം വെട്ടി.

മാവേലിക്കരെയുള്ള ഒരു സാധാരണ കുടുംബത്തിൽ ജന്മമെടുത്ത മി: വക്കി അവിടെയുള്ള ബി. എച്ച്. ഹൈസ്കൂളിൽ നിന്നു ഒന്നാമതായി മട്രിക്കുലേഷൻ ജയിച്ചു. അനന്തരം കോട്ടയം സി. എം. എസ്. കോളജിൽ പഠിക്കുന്ന കാലത്തു് പ്രിൻസിപ്പാൾ മി: ആസ്കപിത്തിൻെറ കണ്ണിലുണ്ണിയായിരുന്ന കഥാപുരുഷൻ. ഇൻറർമീഡിയററിനും ബി. ഏ. യ്ക്കും, എം. ഏയ്ക്കും, എഫ് എൽ-നും ബി. എൽ-നും ഒന്നാം ക്ലാസ്സിൽ ഒന്നാമതായി വിജയം നേടിയ അനുഗൃഹീതനായ ആ ബുദ്ധിസമ്പന്നനെപ്പററി ഇവിടെ രേഖപ്പെടുത്തേണ്ട അഭിനന്ദനത്തിൻെറ തോതു് എന്തായിരിക്കണം? ബി. ഏ. യ്ക്കു് മതമാററിക്സ് ഐച്ഛികമായി എടുത്ത മി: വക്കി, എം. ഏ. യ്ക്കു് ലിററച്ചർ എടുത്താണു് വിജയം നേടിയതു്! മി: വക്കിയെപ്പോലെ മേധാശക്തനായ ഒരു വിദ്യാർത്ഥി—എല്ലാ ക്ലാസ്സുകളിലും ഒന്നാം കിടയിൽ വിജയം വരിച്ചിട്ടുള്ള ഒരു വിദ്യാത്ഥി—കേരളത്തിൻെറ ഏതൊരു കോണിലെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മി: വക്കി, മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിക്കുന്ന കാലത്തു മി: പോൾ അപ്പാസ്വാമിയായിരുന്നു പ്രിൻസിപ്പാൾ. ഇംഗ്ലീഷിൻെറ ഉത്തരക്കടലാസുകൾ നോക്കിയിട്ടു് അദ്ദേഹം ഒരു പ്രഫസരോടു ചോദിച്ചു "മി: വക്കിയുടെ പേപ്പർ എവിടെപ്പോയി"യെന്നു്?

"അതെന്താണു്?" പ്രഫസർ അന്വേഷിച്ചു.

"മി: വക്കിയുടെ പേപ്പർ ഇക്കൂട്ടത്തിലില്ല. അതു വായിച്ചാൽ എനിക്കു പ്രത്യേകം അറിയാം" എന്നു പ്രിൻസിപ്പാൾ വീണ്ടും പറഞ്ഞു. അന്വേഷണത്തിൽ മി: വക്കി ആ പ്രാവശ്യം സുഖക്കേടുമൂലം പരീക്ഷയിൽ ചേൎന്നിരുന്നില്ലെന്നു പ്രിൻസിപ്പാൾ ഗ്രഹിച്ചു.

ബി. എൽ കഴിഞ്ഞതിനു ശേഷം മി: വക്കി, മൈസൂറിലെ രാജകുടുംബത്തോട് അടുത്ത ബന്ധമുള്ള ദേഹവും, ഫസ്റ്റ് കൗൺസിലരുമായ മി: കാന്തരാജിൻെറ പ്രൈവറ്റ് സെക്രട്ടറിയായിട്ടാണ് ആദ്യമായി ഉദ്യോഗത്തിൽ പ്രവേശിച്ചതു്. എന്നാൽ അദ്ദേഹം ആ ജോലി അധികം താമസിയാതെ രാജിവച്ചുകളഞ്ഞു. അതിൻെറ കാരണമെന്തെന്ന് അന്വേഷിച്ചവരോട് കാന്തരാജ് ദിവാനായിത്തീരുമെന്നുള്ള പ്രതീക്ഷയിലാണു താൻ അദ്ദേഹത്തിൻെറ പ്രൈവററു സെക്രട്ടറിയായി ജോലി സ്വീകരിച്ചതെന്നും, എന്നാൽ ദിവാൻസ്ഥാന പ്രാപ്തിക്കു കാന്തരാജ് അനൎഹനാണെന്നു തനിക്കു ബോദ്ധ്യമായിയെന്നും, മി: വക്കി പ്രസ്താവിക്കയുണ്ടായി.

വിഖ്യാതനായ ജോൺ ആർമോട്ട്, മുതലായ മിഷ്യനറി പ്രവൎത്തകന്മാരുടെ നേതൃത്വത്തിൽ കൽക്കട്ടായിൽ (സെറാമ്പൂരിൽ) വച്ചു നടന്ന യൂണിററി കോൺഫറൻസിൽ യാക്കോബായ സഭയെ പ്രതിനിധീകരിച്ചവരിൽ മി: വക്കിയും ഉൾപ്പെട്ടിരുന്നു. ആ കോൺഫറൻസിൽ വച്ചാണ് തിരുവിതാംകൂറിൽ ഒരു യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപിക്കണമെന്നുള്ള ആശയം മൊട്ടിട്ടതു്. തിരുവല്ലായിൽ എസ്സ്. സി. സിമ്മനാരിയോടനുബന്ധിച്ചു വേണമെന്നു മാ

ത്തോമ്മാക്കാരും, എം. ജി. എം. ഹൈസ്കൂളിനോട സംബന്ധിച്ചു വേണമെന്നു യാക്കോബായക്കാരും കോളജിന്റെ കാര്യത്തിൽ അഭിപ്രായ പ്രകടനങ്ങൾ നടത്തി. ഒടുവിൽ ഭക്തോത്തംസമായ മി: കെ. സി. ചാക്കോയുടെ ഉത്സാഹത്തിൽ ആലുവായിൽ ഒരു സ്ഥലം സൗകര്യപ്പെടുത്തുകയും, ആംഗ്ലിക്കൻ—യാക്കോബായ-മാർത്തോമ്മാ സമുദായങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ അവിടെ കോളജ് സംസ്ഥാപിക്കുകയും ചെയ്തു. ജോൺ ആർ: മോട്ട് ആദിയായ പാശ്ചാത്യ മിഷ്യനറിമാരിൽ നിന്നു് യൂണിയൻ ക്രിസ്ത്യൻ കോളജിനു ലഭിച്ച സാമ്പത്തിക സഹായങ്ങൾ അവഗണിക്കുകയൊ വിസ്മരിക്കുകയൊ ചെയ്യുവാൻ ആർക്കും കഴിയുന്നതല്ല.

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിന്റെ പ്രിൻസിപ്പാളായിരുന്നുകൊള്ളാമെന്നു മി: വക്കി സമ്മതിച്ചു. അന്നു അദ്ദേഹത്തിനു 29 വയസ്സുമാത്രമായിരുന്നു പ്രായം. ഇത്ര ചെറു പ്രായത്തിൽ ഇത്ര ഉയർന്നതും ഉത്തരവാദിത്വമുള്ളതുമായ സ്ഥാനം പ്രാപിക്കുന്നതിനുള്ള ഭാഗ്യം അധികമാർക്കുംഉണ്ടാകാറില്ല. ധാരാളം കേസുകളും അതിശോഭനമായ സാമ്പത്തിക ഭാവിയുമുള്ള വക്കീൽ പണി വിട്ടിട്ടു് മി: വക്കി, പ്രിൻസിപ്പാൾ പദം സ്വീകരിച്ചതു് യഥാർത്ഥത്തിൽ ധനപരമായി ഒരു ത്യാഗം തന്നെയായിരുന്നു. എന്നാൽ മി: വക്കിയുടെ സമുദായ സ്നേഹവും വിദ്യാഭ്യാസ പ്രവർത്തന തൃഷ്ണയും ഇങ്ങനെയൊരു ജീവിത വ്യതിയാനത്തിനു അദ്ദേഹത്തെ സന്നദ്ധനാക്കി.

യൂണിയൻ കോളജ് മി: വക്കിയുടെ നേതൃത്വത്തിൽ നേടിയ നേട്ടം ഒന്നു് പ്രത്യേകമാണു്. അതി

ണ്ടായ അഭിവൃദ്ധിയും പ്രശസ്തിയും, അപ്രതിമമത്രെ.

പ്രഫസർ റാലിറാം, നാഷനൽ ക്രിസ്ത്യൻ കൗൺസിൽ സെക്രട്ടറിയായിരുന്ന മി: പി. ഒ. ഫിലിപ്പ്, മി: ഏ. എം. വക്കി മുതലായവരുൾപ്പെട്ട "മിഷ്യൻ ഓഫ് ഫെലോഷിപ്പ്" ഇംഗ്ലണ്ട് സന്ദർശിക്കയുണ്ടായി. ആ സന്ദർഭത്തിൽ മി: വക്കി, ഇംഗ്ലണ്ടിലെ പ്രസിദ്ധ വിദ്യാഭ്യാസ ധുരന്ധരന്മാരുടെയും, രാഷ്ട്രീയ നേതാക്കന്മാരുടെയും, വൈദികാദ്ധ്യക്ഷന്മാരുടെയും സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചിരുന്നു. ലണ്ടനിലെ മേയർ, കാൻറർബറി ആർച്ചു ബിഷപ്പ്, ഇർവിൻ പ്രഭു (പിന്നീട് ഇൻഡ്യാ വൈസ്രോയിയായ ദേഹം) എന്നീ മഹാരഥന്മാർ അദ്ധ്യക്ഷത വഹിച്ച മഹായോഗങ്ങളിൽ മി: വക്കി ചെയ്ത പ്രസംഗങ്ങളെ സംബന്ധിച്ച് ലണ്ടൻ ടൈംസ് മുതലായ പത്രങ്ങൾ പ്രശംസാപൂർവ്വമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും, അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ പ്രാധാന്യം കൊടുത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ടൈംസു, മി: വക്കിയുടെ ഫോട്ടോ പല പ്രാവശ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. "മി. വക്കിയെ ജനിപ്പിച്ച സമുദായം ഒരിക്കലും ദരിദ്രമായിരിക്കാൻ ഇടയില്ല" എന്നു കാൻറർബറി ആർച്ചു ബിഷപ്പ് അഭിമാനപുളകിതനായി പ്രസംഗിക്കാനിടയാകത്തക്കവണ്ണം മി: വക്കിയുടെ വ്യക്തിവിലാസവും പണ്ഡിത്യപ്രഭാവവും വചോവിലാസവും പാശ്ചാത്യ മനീഷികളെ ഹഠാദാകർഷിച്ചു. ഫെലോഷിപ്പ് മിഷ്യൻ വിജയകരമായ പര്യടനാനന്തരം തിരിച്ചെത്തി. അധികം കഴിയുന്നതിനു മുൻപ്, ലണ്ടനിലെ സർവ്വകലാശാലകളുടെ

സംയുക്താഭിമുഖ്യത്തിൽ ഒരു പ്രസംഗ പരമ്പര നടത്തുന്നതിന്നു മി: വക്കിയെ ക്ഷണിക്കുകയുണ്ടായി. എന്നാൽ ചില പ്രതികൂല സാഹചര്യങ്ങൾ നിമിത്തം ആ ക്ഷണം സ്വീകരിക്കുവാൻ മി: വക്കിക്കു സാദ്ധ്യമായില്ല.

മദ്രാസ് സർവ്വകലാശാലാസിൻഡിക്കേററു തെരഞ്ഞെടുപ്പിന്നു മി: വക്കി സ്ഥാനാർത്ഥിയായി നിന്നതു് പ്രഫസർ കാണ്ടത്തു് മുതലായവരുടെ നിർബന്ധം മൂലമായിരുന്നു. ആ സുഹൃത്തുക്കളുടെ ശ്രമഫലമായി അദ്ദേഹം അതിൽ വിജയം നേടുകയും ചെയ്തു. തിരുവിതാംകൂർ സർവകലാശാലാ സിൻഡിക്കേററിലും അദ്ദേഹം മെംബറായിരുന്നു. മി: വക്കി ആലുവാ കോളജിലെ പ്രിൻസിപ്പൽ പദം ഒഴിയുന്നതിന്നുണ്ടായ കാരണങ്ങൾ എന്തെല്ലാമായിരുന്നാലും, അദ്ദേഹത്തിൻെറ രാജിസ്വീകരിക്കാതിരിക്കുകയായിരുന്നു കോളജ് കൌൺസിൽ ചെയ്യേണ്ടിയിരുന്നതു്. ആലുവാ കോളജ് എന്നു പറഞ്ഞാൽ മി: വക്കിയും മി: വക്കിയെന്നു പറഞ്ഞാൽ ആലുവാ കോളജുമായിരുന്നു.

പ്രിൻസിപ്പൽ പദം ഒഴിഞ്ഞപ്പോൾ മി: വക്കിക്ക് ഒന്നുകിൽ ആലുവായിൽ തന്നെ പ്രഫസറായിരിക്കാമായിരുന്നു. അല്ലെങ്കിൽ വേറെ ഉദ്യോഗ ലബ്ധിക്കു സൗകര്യങ്ങളുണ്ടായിരുന്നു. എങ്കിലും, സമുദായസേവനത്തിലേക്കാണു് അദ്ദേഹത്തിൻെറ ശ്രദ്ധ തിരിഞ്ഞതു്. മലങ്കര സുറിയാനി സമുദായത്തിൻെറ ഇന്നത്തെ സ്ഥിതി കെട്ടഴിഞ്ഞ പുസ്തകം പോലെയാണെന്നു പറയുമ്പോൾ, എൻെറ സ്വന്ത സമുദായത്തെ ഞാൻ അധിക്ഷേപിക്കുകയാണെന്നു ആരും തെററിദ്ധരിക്കാ

തിരിക്കാനപേക്ഷ. മി: വക്കിക്ക് ഈ ബോദ്ധ്യമുണ്ടായിരുന്നു. സഭാ പുരോഗമനം സംബന്ധിച്ച് അദ്ദേഹം ഒരു പദ്ധതി സംവിധാനം ചെയ്തതു് ഈ കുത്തഴിഞ്ഞു ചിതറിയ വശങ്ങളെ ഒന്നായി കൂട്ടിച്ചേർക്കുവാനുള്ള വിദൂരദൃഷ്ടിയോടുകൂടിയാണ്. സാമ്പത്തികമായും വിദ്യാഭ്യാസ പരമായും സംഘടനാപരമായും വൈദികാദ്ധ്യാപനപരമായും വ്യവസ്ഥിതമായ ഒരു സമീചീന പദ്ധതിയായിരുന്നു അതു്. അതിലേക്ക ഓരോ ഭദ്രാസന ഇടവകയിലും ചെയ്ത ഊർജ്ജിത സംരംഭങ്ങൾ വിഫലമായില്ലെന്നുള്ളതു് ആശ്വാസകരമാണ്. ഇന്നു കോട്ടയം എം. ഡി. സിമ്മനാരിയോടനുബന്ധിച്ചു കാണുന്ന തിയോളജിക്കൽ കോളജിൻെറ സ്ഥാപനത്തിന്നു പ്രധാന കാരണഭൂതൻ മി: വക്കിയാണ്. അദ്ദേഹം വൈദികകോളജ് സ്റ്റാഫിൽ ചേരുകയും, ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു.

മലങ്കര സുറിയാനി മഹാജനസഭയുടെ ആദ്യത്തെ പ്രസിഡണ്ട് മി: വക്കിയായിരുന്നു. പ്രസ്തുത സഭയുടെ പുനരുദ്ധാരണത്തിൽ ഉത്തേജനവും പ്രേരണയും നൽകിയതും മററാരുമായിരുന്നില്ല. മി: വക്കി മദ്രാസ് ക്രിസ്ത്യൻ കോളജിൽ ഇംഗ്ലീഷ് പ്രൊഫസറായി ഉദ്യോഗം സ്വീകരിച്ചു മദ്രാസിൽ താമസമാക്കിയിരുന്നിട്ടും, സഭാകാര്യങ്ങളിലും, മഹാജന സഭാകാര്യങ്ങളിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

ഒരു പ്രാസംഗികനെന്ന നിലയിൽ മി: ഏ. എം. വക്കിക്ക് അന്യൂനമായ സ്ഥാനമാണുണ്ടായിരുന്നതു്. ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ പ്രസംഗിക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞിരുന്നു. നമ്മുടെ സർവ്വ

കലാശാലാബിരുദധാരികൾമാതൃഭാഷയെ പലപ്പോഴും അവഗണിച്ചുകളയാറുണ്ടെന്നുള്ളതു് ശോചനീയമായ ഒരു പരമാർത്ഥമാണു്. മി: വക്കി ഇതിനു വ്യത്യസ്തമായിരുന്നു. പദങ്ങളെ ഉരുട്ടി ഉരുട്ടി ശ്രോതാക്കളുടെ ഹൃദയത്തിൽ എറിഞ്ഞുകൊള്ളിക്കുന്നതിനു് കഴിയുമായിരുന്നുവെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗരീതിയുടെ പ്രത്യേകത. വേദവാക്യങ്ങളെ അടിസ്ഥാനമാക്കി ദേവാലയ രംഗങ്ങളിൽ പലപ്പോഴും മി: വക്കി പ്രസംഗങ്ങൾ ചെയ്യുമായിരുന്നു. ശാന്തസുന്ദരമായിരിക്കും ആ വാഗ്വർഷം. മതവിഷയകമായി അദ്ദേഹം നടത്തിയിട്ടുള്ള പ്രയോജനകരങ്ങളായ ക്ലാസ്സുകൾ എത്രയോ യുവജനങ്ങളെ ഹഠാദാകർഷിച്ചിരുന്നു!

മി. വക്കിയുടെ പ്രസംഗങ്ങൾക്കുള്ള ഒരു മെച്ചം അവ അബദ്ധം വാ സുബദ്ധം വാ എന്ന നിലയിൽ ഉപരിപ്ലവമായി ചെയ്തിട്ടുള്ളവയല്ലെന്നുള്ളതാണു്. ഒരിക്കലും തയ്യാറെടുക്കാതെ അദ്ദേഹം പ്രസംഗിച്ചിരുന്നില്ല. പ്രാരംഭ ഘട്ടങ്ങളിൽ പ്രസംഗങ്ങൾ എഴുതി തയ്യാറാക്കി അവ കാണാതെ പഠിച്ചു് പല പ്രാവശ്യം "റിഹേഴ്സൽ" നടത്തിയ ശേഷമെ, അദ്ദേഹം സഭാപ്രവേശം ചെയ്യുമായിരുന്നുള്ളു.

മി. വക്കിയുടെ പ്രസംഗങ്ങൾ എല്ലാം സമാഹരിച്ചു ഗ്രന്ഥരൂപത്തിൽപ്രസിദ്ധം ചെയ്യുന്നതു് പ്രയോജനകരമായിരിക്കും. (മിസ്സസ്സ് വക്കി—പ്രഫസർ കെ. സി. അന്നമ്മ എം. ഏ—ഈ പ്രസംഗങ്ങൾ സംഭരിച്ചു വരുന്നതായി ഇതെഴുതുന്ന സമയം അറിവു കിട്ടിയിട്ടുണ്ടു്)

മി. വക്കി, 1106 മേടം മുതൽ 1107 മിഥുനം വരെ ആലുവാ മുനിസിപ്പൽ പ്രസിഡണ്ടായിരുന്നിട്ടുണ്ട്. ചുരുങ്ങിയ ഒരു കാലത്തേക്കു അദ്ദേഹം പ്രസിഡണ്ടിൻെറ ചാർജ്ജു വഹിച്ചു എന്നേയുള്ളു. തന്നിമിത്തം അദ്ദേഹത്തിൻെറ നഗരസഭാ ഭരണത്തെ സംബന്ധിച്ചു വിശേഷവിധിയായി ഒന്നും പ്രസ്താവിക്കുവാനില്ല.

മലങ്കര സുറിയാനി സമുദായക്കേസിന് ഒരു അവസാനം കാണുന്നതിന് അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു. ആലുവായിൽ വച്ച് നടന്ന വട്ടമേശ സമ്മേളനവും, മററു സമാധാനാലോചനകളും വിജയപര്യവസായിയാക്കുന്നതിൽ മി. വക്കി അക്ഷീണം യത്നിച്ചിരുന്നു. ഉഭയകക്ഷികൾക്കും സമ്മതനായിരുന്നു, അദ്ദേഹം.

മി. വക്കി ഇന്നു നമ്മുടെയിടയിലില്ല.

"പുഷ്ടശക്തിവഹിക്കുമി-
പ്പുളുങ്കുപാത്രം വിരലാൽ
തട്ടിയാൽമതി തവിടു
പൊടിയാമല്ലോ"

എന്ന മഹാകാവ്യം എത്രയോ യഥാർത്ഥമാണ്. മി. വക്കിയുടെ ആരോഗ്യത്തെയും ശരീരപുഷ്ടിയെയും പററി അറിഞ്ഞിട്ടുള്ളവർക്ക് അദ്ദേഹത്തിൻെറ നിര്യാണത്തിൽ അത്ഭുതമാണു തോന്നുക. കേവലം അൻപത്താറാമത്തെ വയസ്സിൽ അദ്ദേഹം കാലയവനികക്കുള്ളിൽ മറഞ്ഞുകളഞ്ഞു. മദ്രാസിൽ വച്ചു തുടങ്ങിയ രോഗം, ക്ഷയമാണെന്ന് ആദ്യം തെററിദ്ധരിച്ചു. മദനപ്പള്ളിലെ പരിശോധനയിൽ രോഗം അതല്ലെന്നു തെളിഞ്ഞു. പ്ലൂറസി ആണെന്നു പിന്നീടു സംശ

യിച്ചു് അതിനുള്ള ചികിത്സകൾ നടന്നുകൊണ്ടിരിക്കവെയാണു് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞതു്. അദ്ദേഹത്തിന്റെ രോഗം കുടലിൽ അർബ്ബുദമായിരുന്നുവെന്നും രോഗമറിയാതെയാണു ചികിത്സിക്കപ്പെട്ടതെന്നും, കേട്ടിരുന്നു. ഏതായാലും ദുർവിധി 1119 മേടമാസത്തിൽ അദ്ദേഹത്തെ അപഹരിച്ചുകളഞ്ഞു.

മി. വക്കിയുടെ ഓർമ്മയെ നിലനിർത്തുന്നതിനു് എന്താണു ചെയ്യേണ്ടതെന്നു മിത്രങ്ങൾ നടത്തിയ ആലോചനയുടെ ഫലമായി അദ്ദേഹത്തിന്റെ ചിരകാലസേവനരംഗമായിരുന്ന ആലുവാ കോളജിൽ ഒരു ഹാൾ നിർമ്മിക്കുവാനാണു തീരുമാനിച്ചിട്ടുള്ളതു്. സമുചിതമായ പ്രസ്തുത സംരംഭം വിജയമകുടം ചാർത്തട്ടെ.

# രാജശ്രീ. കെ. കെ. ലൂക്കോസ്.

"കെ. കെ. ലൂക്കോസ് ഇന്നുച്ചയ്ക്കു നാലുമണിക്ക് ഹൃദയസ്തംഭനം മൂലം പെട്ടെന്നു നിൎയ്യാതനായി."

1945 ജനുവരി 13-ാംനു ശനിയാഴ്ച സന്ധ്യക്കുമുമ്പു കിട്ടിയ ആ കമ്പിവാൎത്ത എന്നെ സ്തബ്ധഹൃദയനാക്കി. അതെ, നീൎക്കുമിളപോലെ ഉയൎന്നു തകരുന്ന നിസ്സാരനായ മനുഷ്യന്റെ നിസ്സഹായത, മിന്നൽക്കൊടിപോലെ തിളങ്ങിപ്പൊലിയുന്ന മനുഷ്യജീവിതത്തിന്റെ ക്ഷണഭംഗുരത—റിട്ടയാർഡ് ഹൈക്കോടതി ജഡ്ജി രാജശ്രീ. കെ. കെ. ലൂക്കോസിന്റെ നിൎയ്യാണവാൎത്ത അശനിപാതം പോലെയാണനുഭവപ്പെട്ടതു്. ചിന്താതന്ത്രസ്വതന്ത്രനായ ഒരു കൎമ്മധീരൻ, സഭാസമാധാനകാംക്ഷിയായ ഒരു പ്രാഡ്വിവാകൻ, സത്യനിഷ്ഠാനിൎബ്ബന്ധനായ ഒരു മേധാശാലി, നിൎമ്മല ഹൃദയനായ ഒരു ജീവകാരുണികൻ, സഭാചരിത്രപാരാവാരപാരംഗതനായ ഒരു പണ്ഡിതവരേണ്യൻ—സൎവ്വോപരി ആത്മീയ ചൈതന്യപ്രഭാവനായ ഒരു നിഷ്കളങ്ക ഈശ്വരഭക്തൻ—ഇങ്ങനെ ബഹുവിധ നിലകളിൽ പ്രഖ്യാതനും പ്രഗൽഭനുമായ ആ മഹാപുരുഷൻ അവിചാരിതഘട്ടത്തിൽ, ഊതിക്കെടുത്തിയ വിളക്കുപോലെ ലോകരംഗത്തു നിന്നു തിരോഭൂതനായി.

തിരുവിതാംകൂറിലെ നീതിന്യായ പരമാസനത്തിൽ നിന്നു് അൻപത്തി അഞ്ചു വയസ്സു തികഞ്ഞുവെന്ന ഏക കാരണം കൊണ്ടു വിരമിക്കേണ്ടിവന്ന

വെങ്കിലും, വാക്കിലും പ്രവൃത്തിയിലും ഒരു യുവാവായിരുന്നു അദ്ദേഹം. ക്ഷമകെട്ട വാൎദ്ധക്യം ദൂരെ നോക്കിനില്ക്കവെ, സേവനകൎമ്മപഥത്തിലേക്കു പാദം വച്ചുതുടങ്ങിയിരുന്ന കൎമ്മധീരനും നിസ്വാൎത്ഥനുമായ ആ നായകനെ, വിധി അപഹരിച്ചുകളഞ്ഞു. മലങ്കര സുറിയാനി സഭാമാതാവിനു ഒഴുകുന്ന കണ്ണുനീർ തുടയ്ക്കുന്നതിന് കൈ ഉയൎത്തുവാൻ പോലും ഇടകിട്ടുന്നതിനു മുൻപ് തന്റെ എത്രയെത്ര അരുമസന്താനങ്ങളെ ദുർവിധി ഘോരദംഷ്ട്രങ്ങളിൽ അകപ്പെടുത്തിക്കളഞ്ഞു! ഈ ഗ്രന്ഥത്തിൽ ഇതിനു മുൻപുള്ള വശങ്ങളിൽ അനുസ്മരിക്കപ്പെട്ടിട്ടുള്ള മങ്കോട്ടയിലെ മഹർഷിയെന്നു പ്രഖ്യാതനായ ഈ. ജെ. ജോൺ, നസ്രാണി സിംഹമെന്നു പേരു പിടിച്ച എം. ഏ. ചാക്കൊ, മേഘനിർഘോഷ വാഗ്മിയായ റാവു സാഹിബ് ഒ. എം. ചെറിയാൻ, ശാന്തഗംഭീരനായ ഏ. എം. വർക്കി, എന്നിങ്ങനെ തുടങ്ങി നിരങ്കുശ മേധാശാലിയായിരുന്ന മി: പത്രോസ് മത്തായി, തിരുവല്ലായുടെ ആത്മദീപമായിരുന്ന കെ. എം. മാമ്മൻ മാപ്പിള-ഹാ! ഒന്നിനു പുറകെ ഒന്നായി എണ്ണപ്പെട്ട പുരുഷരത്നങ്ങൾ ക്രൈസ്തവ സഭയ്ക്കു പ്രത്യേകിച്ചും, കേരളത്തിനു പൊതുവെയും നഷ്ടമായിക്കഴിഞ്ഞു.

മി: ലൂക്കോസിന്റെ നിൎയ്യാണം, യുവചൈതന്യത്തിന്റെ ഒരു അസ്തമയമായിരുന്നു; ഊൎജ്ജസ്വലതയുടെ തിരോഭാവമായിരുന്നു; നിസ്വാൎത്ഥനേതൃത്വത്തിന്റെ പറന്നുമറയലായിരുന്നു; ജീവകാരുണ്യത്തിന്റെ കനിവു വററലായിരുന്നു.

ഭാഗ്യപരിലാളിതനായ അദ്ദേഹത്തിന ഒരു തിരുവിതാംകൂർ പ്രജയ്ക്കു് ഉദ്യോഗപരമായി അഭിലഷിക്കാവുന്ന ഉന്നത സ്ഥാനങ്ങളിൽ ഒന്നിനെ അലങ്കരിക്കുവാൻ സാധിച്ചു. യാതൊരു പ്രലോഭനങ്ങൾക്കും അദ്ദേഹത്തെ വശപ്പെടുത്തുവാൻ ശക്തിയുണ്ടായിരുന്നില്ല. ആ നിർമ്മലവും അകന്മഷവുമായ മുഖത്തു നോക്കി മറുത്തു പറയുവാൻ ആർക്കും കഴിയുമായിരുന്നില്ല. ആ വ്യക്തിവിലാസത്തിൽ അകംകുളിർക്കാത്തവരുണ്ടായിരുന്നില്ല.

കോട്ടയത്തു നിന്ന എട്ടു പത്തു മൈൽ കിഴക്കുമാറി വെന്നിമല എന്നറിയപ്പെടുന്ന വിജയാദ്രിയിൽ മി: ലൂക്കോസ്, അഭിനവരീതിയിൽ ഒരു അതിവിശാലമായ തെങ്ങിൻതോട്ടം ഉണ്ടാക്കിയിരുന്നു. അതേ സംബന്ധിച്ചു് ഒരു വിവരണമെഴുതുവാൻ അദ്ദേഹം എന്റെ സഹകരണം ആഗ്രഹിച്ചു. ഞങ്ങൾ തമ്മിൽ കത്തുകൾ മൂലമല്ലാതെ അഭിമുഖമായി അന്നുവരെ കണ്ടു പരിചയമുണ്ടായിരുന്നില്ല. പൗരധ്വനിയുടെ തിരുവനന്തപുരം പ്രതിനിധി മുഖേന അദ്ദേഹം എന്നെക്കുറിച്ചു ദയാപൂർവ്വം അന്വേഷിച്ചിരുന്നു. 1120-ലെ പൊന്നും ചിങ്ങമാസത്തിലാണെന്നു തോന്നുന്നു; ഒരു സായാഹ്നത്തിൽ അദ്ദേഹം തിരുവനന്തപുരത്തുനിന്നു വരുന്ന വഴി നേരെ ഞങ്ങളുടെ ആഫീസിലേക്കു കയറി വന്നു. ഗോവണിപ്പടി പകുതി കയറി നിന്നുകൊണ്ടു് അദ്ദേഹം എന്റെ സാന്നിദ്ധ്യത്തെപ്പററി അന്വേഷിച്ചു. ഞാൻ എഴുന്നേററു് അദ്ദേഹത്തിന്റെ സന്നിധിയിലേക്കു ചെന്നു. ഒതുങ്ങിയ ദീർഘകായം. മങ്ങിയ വെള്ളക്കോട്ടിന പുറത്തു വീതികൂടിയ കസവുനേര്യതു

ധരിച്ചിരിക്കുന്നു: നാസികാഗ്രത്തിൽ ഇരുവശത്തേക്കും കവിഞ്ഞുകിടക്കാത്തവിധം മേൽച്ചുണ്ടിൽ പററിപ്പിടിച്ചിരിക്കുന്ന നരകലൎന്ന മീശ, ഭംഗിയായി ചീകി മിനുക്കിവച്ചിരിക്കുന്ന മുടി—ഞാൻ പെട്ടെന്നു ആളിനെ തിരിച്ചറിഞ്ഞു. ഈ വരികൾ എഴുതുമ്പോൾ എൻെറ നേത്രങ്ങളിൽ ജലകണങ്ങൾ സ്ഫുരിക്കുന്നു. മി. ലൂക്കോസ് എഴുതിക്കൊണ്ടിരിക്കുന്ന സഭാചരിത്രത്തെ സംബന്ധിച്ചും, അതിനുപയോഗിക്കുവാനുള്ള ചില ചിത്രങ്ങളെക്കുറിച്ചുമാണു ഞങ്ങൾ തമ്മിൽ സംസാരിച്ചതു്. എത്രയൊ ഹൃദയം തുറന്നുള്ള സംഭാഷണമായിരുന്നു അതു്? തൻെറ സഭാചരിത്രം അപ്രതിമവും അന്യൂനവും, അനപലപനീയവുമായ ഒന്നായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിലാഷം അതിനുവേണ്ടി വിശ്രമമില്ലാതെ, പണച്ചെലവിനെ പരിഗണിക്കാതെ അദ്ദേഹം യത്നിച്ചു. കോതമംഗലം പള്ളിയിലെ ഒരു ശിലാരേഖയിൽ നിന്നു് അല്പം വ്യത്യസ്തമായ ഒരു രേഖ പാളയംകോട്ടുണ്ടെന്നറിഞ്ഞാൽ ഉടൻ അദ്ദേഹം പ്ലഷർകാറിൽ അങ്ങോട്ടു പോകുകയായി. ചരിത്ര ലക്ഷ്യങ്ങൾക്കും രേഖകൾക്കും വേണ്ടി എത്ര ക്ലേശം സഹിക്കുന്നതിലും എത്ര പണം വ്യയം ചെയ്യുന്നതിലും അദ്ദേഹം കൂട്ടാക്കിയില്ല. ഞങ്ങൾ തമ്മിൽ അന്നുണ്ടായ സൗഹാൎദ്ദം അവഷിന്നമായി തുടൎന്നു. പിന്നീടു് അദ്ദേഹം കോട്ടയത്തു വരുന്ന മിക്ക സന്ദർഭങ്ങളിലും ഞങ്ങൾ തമ്മിൽ കാണുമ്പോൾ, അദ്ദേഹത്തിനു പറയാനുണ്ടായിരുന്നതു തൻെറ ചരിത്ര ഗ്രന്ഥത്തെയും മലങ്കര സുറിയാനി മഹാജന സഭയേയും കുറിച്ചായിരുന്നു. അഖില കേ

രള ക്രിസ്ത്യൻ ഫെഡറേഷൻെറയും സഭാ സമാധാന യുവജനപ്രസ്ഥാനത്തിൻെറയും കായ്യത്തിൽ അദ്ദേഹം അത്യധികമായ താല്പയ്യം പ്രകടിപ്പിച്ചിരുന്നു. കോട്ടയം എം. ഡി. സിമ്മനാരിയിൽ വച്ചു 1120 കന്നി മാസത്തിൽ നടത്തപ്പെട്ട മലങ്കര സുറിയാനി മഹാജന സഭയുടെ തൃതീയ വാഷിക സമ്മേളനത്തിൻെറ അദ്ധ്യക്ഷൻ അദ്ദേഹമായിരുന്നു. ക്രിസ്ത്യൻ ഫെഡറേഷൻെറ പ്രസിഡണ്ടായും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടകയുണ്ടായി. സഭാസമാധാന യുവജന പ്രസ്ഥാനത്തിൻെറ ജീവനാഡിയും അദ്ദേഹം തന്നെയായിരുന്നു.

മി: ലൂക്കോസ്; ആദർശവാനായ ഒരു മഹാപുരുഷനായിരുന്നു. കന്നുകുഴിക്കുടുംബത്തിലെ മണിവിളക്കം, മലങ്കര സുറിയാനി സമുദായത്തിലെ ദീപസ്തംഭവുമായിരുന്നു അദ്ദേഹം. എ. ഡി. 850-ാമാണ്ടു് സിറിയായിൽ നിന്നു വന്നുചേന്നവരാണു്. മി: ലൂക്കോസിൻെറ കുടുംബക്കാരെന്നാണു ചരിത്രരേഖകളിൽ നിന്നറിയുന്നതു്. ചാത്തന്നൂരുള്ള കല്ലട മുതലാളിമാരുടെ കുടുംബമാണിതു്. സുപ്രസിദ്ധ ഫലജ്യോത്സ്യൻ കൂടിയായിരുന്ന കന്നുകുഴിയിൽ കുരുവിള എൻജിനീയരുടെ പുത്രനായി 1887-ൽ മി: ലൂക്കോസ് ഭൂജാതം ചെയ്തു. ജനനസമയത്തു് ശിശു, ഒരു ജഡ്ജിയായിത്തീരുമെന്നു ജാതകവശാൽ കാണുകയാൽ, ജഡ്ജികുഞ്ഞു് എന്ന പേരിലാണു് മി: ലൂക്കോസിനെ വീട്ടിലും സ്കൂളിലും വിളിച്ചുവന്നതു്. സ്വയ്യപുരുഷൻെറ ഒരു പിതാമഹൻ റാണി പാർവ്വതീഭായിയുടെ കാലത്തു് സദർ കോടതി ജഡ്ജിയായിരുന്നിട്ടുണ്ടു്. മി: ലൂക്കോസിൻെറ നേരെ ജ്യേഷ്ഠനാണു് റിട്ട: ജഡ്ജി മി: കെ.

കെ. തോമ്മസ്. മി: ലൂക്കോസിൻെറ വിദ്യാത്ഥി ജീവിതം അതി ശോഭനമായിരുന്നു. ധാരണാശക്തി ഇത്രയധികമുള്ള വിദ്യാത്ഥികൾ സുദുർല്ലഭമാണെന്ന് അദ്ധ്യാപകന്മാർ അഭിപ്രായപ്പെട്ടിരുന്നു. അശ്വതി തിരുനാൾ തിരുമേനി ഒരിക്കൽ എം. ഡി. സിമ്മനാരി ഹൈസ്കൂൾ സന്ദർശിച്ചപ്പോൾ, അന്ന് അവിടെ വിദ്യാത്ഥിയായിരുന്ന മി: ലൂക്കോസിൻെറ അദ്ധ്യയന സാമത്ഥ്യത്തെപ്പററി ഗ്രഹിച്ച് ഏതാനും പാരിതോഷികങ്ങൾ നല്കുകയുണ്ടായിട്ടുണ്ട്. 1120-കന്നിമാസത്തിൽ കോട്ടയത്തു വച്ചു നടന്ന മലങ്കര സുറിയാനി മഹാജനസഭാ വാർഷിക വേളയിൽ അദ്ദേഹം നേരത്തെ അച്ചടിച്ചു തയ്യാറാക്കിയിരുന്ന അദ്ധ്യക്ഷപ്രസംഗം, അതു നോക്കാതെ തന്നെ-ആദ്യവസാനം വള്ളി പുള്ളി വിസർഗ്ഗങ്ങൾക്കു ഭേദം കൂടാതെ-വാചാപ്രസംഗമായി നിർവഹിച്ചതു് അന്നത്തെ ശ്രോതാക്കളെ അത്ഭുതപരതന്ത്രരാക്കി.

മി: ലൂക്കോസ് നിയമബിരുദം നേടിയതു് മദ്രാസിൽ നിന്നാണ്. അനന്തരം ഒരു നിയമ കോവിദൻെറ കൂടെ അവിടെത്തന്നെ അഭിഭാഷകവൃത്തിയിലേപ്പെട്ടു. കുറെക്കഴിഞ്ഞു് അദ്ദേഹം തിരുവിതാംകൂർ ഹൈക്കോടതി വക്കീലായി സന്നതെടുത്തു. അക്കാലത്താണ് ഡാക്ടർ പുന്നന്റെ പുത്രിയായ ഡാക്ടർ മേരി പുന്നനെ (വൈദ്യശാസ്ത്ര കുശല ഡാക്ടർ മിസ്സസ്സ് പുന്നൻ ലൂക്കോസിനെ) വിവാഹം ചെയ്തതു്. അധികം താമസിയാതെ മി: ലൂക്കോസ് സക്കാർ വക്കീലായി നിയമിക്കപ്പെട്ടു. അനന്തരം ജില്ലാ ജഡ്ജിയായും, ഒടുവിൽ ഹൈക്കോടതി ജഡ്ജിയായും നിയമിതനാ

യി. ആ ഉന്നത സ്ഥാനത്തു നിന്നു പെൻഷൻ പററി രണ്ടു വർഷം കഴിഞ്ഞപ്പോഴേക്കു്, വിധി, അതിന്റെ കൈക്കരുത്തു് അദ്ദേഹത്തിൻെറ മേൽ പ്രയോഗിച്ചു കഴിഞ്ഞു.

മി: ലൂക്കോസിന്റെ ചരമം പെട്ടെന്നാണുണ്ടായതു്. തിരുവനന്തപുരം മാർത്തോമ്മാപ്പള്ളിയുടെ കൂദാശച്ചടങ്ങുകളിൽ അന്നുച്ചവരെ അദ്ദേഹം സംബന്ധിച്ചിരുന്നു. അനന്തരം സ്വഗൃഹത്തിലെത്തി തൻെറ ചരിത്ര ഗ്രന്ഥരചനയിൽ ഏർപ്പെട്ടുകൊണ്ടിരിക്കവെ ഒരു ചെറിയ അസ്വാസ്ഥ്യം തോന്നുകയും തൽക്ഷണം ദേഹദേഹികൾ വേർപെടുകയും ചെയ്തു. വിശ്വസിക്കാൻ പാടില്ലാത്ത ഒരു വാർത്തയായിട്ടാണു് അതു് അസ്മാദൃശന്മാർക്കനുഭവപ്പെട്ടതു്.

ഈ നിര്യാണ വാർത്ത കമ്പിമാർഗ്ഗം കിട്ടിയ ഉടൻ പൗരധ്വനി പത്രം ഒരു അവശേഷം പ്രസിദ്ധപ്പെടുത്തുകയും, രാജ്യത്തിൻെറ നാനാഭാഗങ്ങളിലും അതു് എത്തിച്ചു കൊടുക്കുകയും ചെയ്തു. തന്മൂലം, ശനിയാഴ്ച രാത്രിയിൽ തന്നെ ഈ ദുഃഖവർത്തമാനം എല്ലാ സ്ഥലങ്ങളിലും അറിയുവാൻ കഴിഞ്ഞു. മി: ലൂക്കോസിന്റെ ശവസംസ്കാരം കോട്ടയത്തിനടുത്ത നിലയ്ക്കൽ പള്ളിയിലുള്ള കുടുംബക്കല്ലറയിലാണു നടന്നതു്. ഈ ശവസംസ്കാരച്ചടങ്ങുകളെക്കുറിച്ചുള്ള ഒരു റിപ്പോർട്ടിൽ നിന്നു ഹൃദയസ്പൃക്കായ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം:—

"തിരുവിതാംകൂറിലെ ഏററവും ഉന്നതമായ ന്യായാസനത്തെ അലങ്കരിച്ച ആ മഹാരഥൻ കിഴക്കോട്ടു് അഭിമുഖമായി സുഖനിദ്ര ചെയ്യുന്നതുപോലെ ക്ഷീ

ണലേശം കൂടാതെ കിടന്നിരുന്നു. തിരുവിതാംകൂർ മെഡിക്കൽ വകുപ്പിന്റെ പരമാദ്ധ്യക്ഷയായിരുന്ന മഹാരാജാവു തിരുമനസ്സിലെ തൃക്കൈകളിൽ നിന്ന് "വൈദ്യശാസ്ത്രകുശല" എന്ന ബഹുമതി നേടിയ ഡാക്ടർ മിസ്സസ് ലൂക്കോസ്—ഒരു ഡാക്ടർ എന്ന നിലയിൽ എത്രയോ മരണങ്ങൾ കണ്ടു ഹൃദയം തഴമ്പിച്ചിട്ടുള്ള ആ മനസ്വിനി—സ്വഭർത്താവിന്റെ തലയ്ക്കൽ, അടക്കിയിട്ടും അടങ്ങാത്ത കദനഭാരത്തോടെ—സമീപത്തു കത്തുന്ന മെഴുകുതിരികൾ പോലെ—അകമുരുകിക്കരഞ്ഞുകൊണ്ടിരുന്നിരുന്നു.".

മി: ലൂക്കോസിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു് പൗരധ്വനി എഴുതിയ മുഖപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:—"കേരളീയ ക്രിസ്ത്യൻ സമുദായത്തിന് അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കാവുന്ന മഹാരഥനായിരുന്ന റിട്ട: ഹൈക്കോടതി ജഡ്ജി മി: കെ. കെ. ലൂക്കോസ് 57-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനം മൂലം പെട്ടെന്നു നിര്യാതനായിരിക്കുന്ന വിവരം സവ്യസനം രേഖപ്പെടുത്തിക്കൊള്ളുന്നു. സമ്പന്നവും കുലീനവുമായ കന്നുകുഴികുടുംബത്തിൽ, അപ്രതിമ മേധാശാലിയായിരുന്ന മി: കുരുവിള എൻജിനീയരുടെ പുത്രനായി ജനിച്ചു്, തികച്ചും അനുകൂലമായ സാഹചര്യങ്ങളിൽ വളന്നു്, അനുഗൃഹീതമായ വാസനാവൈഭവം കൊണ്ടു് തിരുവിതാംകൂർ നീതിന്യായ പരമപീഠം പ്രാപിച്ച മി: ലൂക്കോസ്, കായ്യക്ഷമത, സ്വഭാവശുദ്ധി, ദൈവഭക്തി, വിനയം, മത തീക്ഷ്ണത, ബുദ്ധിസാമത്ഥ്യം, ഔദാര്യം, മുതലായ ഗുണങ്ങളുടെ വിളനിലമായി, ഒരു മാതൃകാ പുരു

ഷരത്തമായി, പ്രശോഭിച്ചിരുന്നു. മലങ്കര സുറിയാനി സമുദായത്തിൻെറ അഭിവൃദ്ധിക്കും ഐക്യത്തിനും വേണ്ടി അദ്ദേഹം നിവ്വഹിച്ചിട്ടുള്ള നിസ്വാത്ഥസേവനങ്ങൾ അവിസ്മരണീയങ്ങളും അഭിനന്ദനാർഹങ്ങളുമാണു്. സഭാചരിത്രപരമായി അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹം അസാമാന്യമായിരുന്നു. വൈദ്യശാസ്ത്രകുശല ഡാക്ടർ മിസ്സസ് ലൂക്കോസ് ഭർത്താവിനു തികച്ചും അനുയോജ്യയായ ഭാര്യയായി വർത്തിച്ചു. തിരുവിതാംകൂറിലെ രണ്ടുവകുപ്പുകളുടെ പരമോന്നതസ്ഥാനത്തു ഒരു ഭാര്യയും ഭർത്താവും പരിലസിക്കുകയെന്നുള്ളതു് അസുലഭമായ ഒരു സംഭവവും അനന്യസാധാരണമായ ഒരു മഹാഭാഗ്യവുമാണു്. മി: ലൂക്കോസിൻെറ ചരമം രാജ്യത്തിനും, ക്രിസ്ത്യൻ സമുദായത്തിനും, വിശേഷിച്ചു മലങ്കര സുറിയാനി സമുദായത്തിനും അപരിഹാര്യമായ ഒരു നഷ്ടമാണെന്നുള്ളതിനു സംശയമില്ല......".

മി: ലൂക്കോസ് ഉദ്യോഗത്തിൽ നിന്നു വിരമിച്ചതിനു ശേഷം സമുദായ സേവനത്തിനു തന്നെത്തന്നെ ഉഴിഞ്ഞു വച്ചിരിക്കുകയായിരുന്നുവെന്നു പറയാം. ഒരു ന്യായാധിപനായിരുന്ന അദ്ദേഹം, കൃത്താട്ടുകുളത്തുവച്ചു സഭാസമാധാനത്തെ പുരസ്കരിച്ചു നടന്ന മഹായോഗത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ ഇപ്രകാരം ഉൽബോധിപ്പിക്കയുണ്ടായി:- "അഭിപ്രായഭിന്നതകൾ ഉണ്ടായാൽ എങ്ങനെയെങ്കിലും അതു പറഞ്ഞു തീക്കുക, വല്ല കഴിവുമുണ്ടെങ്കിൽ കോടതി കയററരുതു്."

സ്വർഗ്ഗപുരുഷൻെറ ജീവകാരുണ്യപരമായ പ്രവത്തനങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ടു്.

മിണ്ടാപ്രാണികളോടു കരുണ കാണിക്കുന്നതിനുവേണ്ടി സംസ്ഥാപിതമായ എസ്. പി. സി. ഏ. യുടെ പ്രവൎത്തനം അദ്ദേഹത്തിലാണു കേന്ദ്രീകൃതമായിരുന്നതു്. ആ സംഘത്തിൻെറ പ്രസിഡണ്ടന്മാരായിരുന്നിട്ടുള്ള മി: ടോഡ്, മി: സ്ക്രീൻ മുതലായ ബ്രിട്ടീഷ് റസിഡണ്ടന്മാർ, മി: ലൂക്കാസിൻെറ ഏതാദൃശ പ്രവൎത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്.

ഭക്തിസംഭരിതമായ ഒരു ഹൃദയമാണദ്ദേഹത്തിനുണ്ടായിരുന്നതു്. താനൊരു ഭക്തനാണെന്നു മററുള്ളവരെ കാണിക്കണമെന്നുദ്ദേശിച്ചു് ലോകദൃഷ്ടിയിൽ മണ്ണിടുന്ന ഒരു കപട ഭക്തനല്ലായിരുന്നു അദ്ദേഹം. ദേവാലയത്തിലെ ആരാധനാവേളകളിൽ ഒരു ശുശ്രൂഷകൻെറ നീണ്ട വെള്ളക്കുപ്പായവുമായി മദ്ബഹാ എന്ന ശുദ്ധസ്ഥലത്തു്, ആചാൎയ്യന പരികൎമ്മങ്ങളും അനുഷ്ഠിക്കുവാൻ അദ്ദേഹത്തിനു യാതൊരു സങ്കോചവുമില്ലായിരുന്നു. ഒരു ഹൈക്കോടതി ജഡ്ജിയാണു്, ഒരു കപ്യാരുടെ ജോലി നിൎവ്വഹിക്കുന്നതെന്നു് ഒരു നിമിഷം ചിന്തിക്കുക. മി: ലൂക്കോസിൻെറ സംസ്കാരവേളയിൽ ചരമ പ്രസംഗം നിൎവ്വഹിച്ച നിതാന്തവന്ദ്യ ദിവ്യശ്രീമാനായ മാർ തോമ്മസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതുപോലെ, മരണത്തിനു എപ്പോഴും സന്നദ്ധനായ ഒരു യഥാൎത്ഥ ക്രിസ്ത്യാനിയായിരുന്നു അദ്ദേഹം. "പെട്ടെന്നുള്ള മരണത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമെ" എന്നുള്ള പ്രാൎത്ഥന, മനസ്സങ്ജീകരണമില്ലാത്തവൎക്ക വേണ്ടിയാണു്. ദൈവത്തോടു ചേരുന്നതിനു

അദ്ദേഹത്തിനു ഒരു തയ്യാറെടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. മി: ലൂക്കോസിനെ സംബന്ധിച്ചുള്ള ഒരു പ്രത്യേകതയായിരുന്നു ഇതു്.

ഒരു കർഷകപ്രഭുവായിരുന്നു മി: ലൂക്കോസ്. മുകളിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ വിജയാദ്രിയിൽ അദ്ദേഹം സംവിധാനം ചെയ്തിട്ടുള്ള തെങ്ങിൻതോട്ടം, ഒരു മാതൃകാ കൃഷിസ്ഥലമായി പരിഗണിക്കപ്പെടേണ്ടതാണ്. ആധുനികവും ശാസ്ത്രീയവുമായ രീതിയിൽ കാർഷിക വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങളെ ആദരിച്ചു സംരക്ഷിക്കപ്പെടുന്ന ഈ തോട്ടം, ബഹുജനശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതിന് അദ്ദേഹം ആഗ്രഹിക്കയും, അതിന് എന്റെ സഹകരണം അഭിലഷിക്കുകയുമുണ്ടായി. അതിന്റെ ഫലമായി പൗരധ്വനിയിൽ, "രണ്ടു റിട്ട: ഉദ്യോഗസ്ഥ ദമ്പതികളുടെ കാർഷികോദ്ധാരണസംരംഭം" എന്ന അഭിധാനത്തിൽ, ഒരു വിവരണം പ്രസിദ്ധപ്പെടുത്തിയിരുന്നു. കടൽ നിരപ്പിൽ നിന്നു് രണ്ടായിരത്തോളം അടി ഉയരത്തിൽ ഇരുന്നൂറോളം ഏക്കർ സ്ഥലത്തുള്ള തങ്ങളുടെ കാർഷിക പ്രയത്നങ്ങൾ എന്നെ കൊണ്ടുനടന്നു കാണിച്ചു്, തൽസംബന്ധമായ വിവരങ്ങൾ ഗ്രഹിപ്പിക്കുമ്പോൾ മി: ലൂക്കോസിന്റേയും വൈദ്യശാസ്ത്രകുശല ഡാക്ടർ മിസ്സിസ് ലൂക്കോസിന്റേയും മുഖങ്ങളിൽ അഭിമാനലക്ഷ്മി നൃത്തം വയ്ക്കുന്നതു ഞാൻ കണ്ടു. കുന്നുകൾ കയറുന്നതിലും, കടമ്പകൾ ചാടിക്കടക്കുന്നതിലും വേലികൾ മറികടക്കുന്നതിലും പെൻഷൻപററി പിരിഞ്ഞ ആ ദമ്പതികൾ, യുവാക്കളെ നാണിപ്പിക്കുന്ന ശരീരലാഘവം പ്രകടമാക്കിയിരുന്നു. ഇരുപത്തഞ്ചു വർഷക്കാ

ലം അവഗണിച്ചിട്ടിരുന്ന ഈ കേരവൃക്ഷവനം, മലബാർ തീരത്തെ മാതൃകാ തെങ്ങിൻതോപ്പുകളാക്കുന്നതിന്ന് ലോഭമെന്യേ താൻ ധനവ്യയം ചെയ്യുന്നുവെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. വിജയാദ്രി എന്ന സ്ഥലനാമം "വെന്നിമല"യെ അദ്ദേഹം സംസ്കൃതീകരിച്ചതാണ്.

മി: ലൂക്കോസ്- ആ യുവചൈതന്യം, ഇങ്ങിനി വരാതവണ്ണം തിരോഭൂതമായി. അദ്ദേഹത്തിൻെറ നിസ്വാർത്ഥമായ സേവന സന്നദ്ധതയുള്ള ഒരാൾ ഇന്നു മലങ്കര സഭയിലുള്ളതായി എനിക്കറിഞ്ഞുകൂടാ. ആ യുവാവിൻെറ—അതേ ആ ഉജ്ജ്വലനായ യുവാവിൻെറ എന്നു തന്നെ ഞാൻ പറയും—വിയോഗം, തീർത്താൽ തീരാത്ത ഒരു നഷ്ടമാണ്, മി: ലൂക്കോസ്! ആ അപ്പോസ്തോല സ്മാരകനാമധേയ ധാരിയായ യശ:ശരീരൻെറ പാവന സ്മരണയിൽ ബഹുമാനപുരസ്സരം കൂപ്പുകൈ ഉയർത്തികൊള്ളട്ടെ.

...YAM PUBLIC LIBRARY ...YAM. ...TRAVANCORE.

# KOTTAYAM PUBLIC LIBRARY
## KOTTAYAM

Cl. No. M08 Acc. No. 3350

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

M08

3350

കോരങ്ങ്. പി. സി
ചിത്രവേദി

KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 3350

Author കോരുത് . പി.സി

Title ചിത്രവേദി

Indic Digital Archive Foundation

gpura.org